# സമഗ്രഗുണമേൻമ പാഠ്യപദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# എം.ഐ.എച്ച്.എസ് പൂങ്കാവ്

# 2026-2027



# അടിസ്ഥാന വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര് : മേരി ഇമ്മാക്കുലേറ്റ് HS പൂങ്കാവ്

  വിലാസം : പതിരാപ്പള്ളി . പി.ഒ, പൂങ്കാവ്, ആലപ്പുഴ 688521

  ഫോൺ നമ്പർ : 0477 2249466
- സ്കൂൾ കോഡ് : 35052
- വിദ്യാഭ്യാസ ഉപജില്ല : ആലപ്പുഴ
- വിദ്യാഭ്യാസ ജില്ല : ആലപ്പുഴ
- റവന്യൂ ജില്ല : ആലപ്പുഴ
- BRC : ആലപ്പുഴ
- CRC : ആലപ്പുഴ
- ഗ്രാമപഞ്ചായത്ത് : മാരാരിക്കുളം തെക്ക്
- ബ്ലോക്ക് പഞ്ചായത്ത് : ആര്യാട്
- ജില്ലാപഞ്ചായത്ത് : ആലപ്പുഴ
- നിയമസഭാമണ്ഡലം : ആലപ്പുഴ
- ലോകസഭാമണ്ഡലം : ആലപ്പുഴ
- താലൂക്ക് : അമ്പലപ്പുഴ
- വില്ലേജ് : പാതിരപ്പള്ളി
- ഇ-മെയിൽ : 35052alappuzha@gmail.com
- വെബ്സൈറ്റ് : www.mihs.in
- ഫേസ്ബുക്ക് : https://www.facebook.com/maryimmaculate.poomkavu
- സ്കൂൾ വിക്കി : https://schoolwiki.in/എം.ഐ.എച്ച്.എസ്സ്.പൂങ്കാവ്

## ആമുഖം

ആലപ്പുഴ ജില്ലയുടെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന പൂങ്കാവ് എന്ന കൊച്ചു ഗ്രാമത്തിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പൂങ്കാവ് പള്ളിയുടെ തിരുമുറ്റത്ത് നിലകൊള്ളുന്നതാണ് പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ എന്ന പുണ്യ വിദ്യാലയം. അറിവിന്റെ വാതായനങ്ങൾ ആയിരങ്ങൾക്ക് തുറന്നു നൽകി നേർവഴി കാട്ടുന്ന ഈ വിദ്യാലയം പൂങ്കാവിന്റെ നവോത്ഥാനത്തിന തുടക്കം കുറിച്ചു. വിദ്യാഭ്യാസപരവും ഒപ്പം ആത്മീയവും സാംസ്കാരികവും സാമൂഹികവും സാമ്പത്തീകവുമായ പ്രദേശത്തിന്റെ വളർച്ചയ്ക്ക് പുത്തൻ മാനങ്ങൾ പകർന്നു നൽകാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു.

കയർതൊഴിലാളികളും മത്സ്യതൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിലാളികളുമായ പാവപ്പെട്ട പൂങ്കാവ് നിവാസികളുടെ മക്കൾക്ക് സ്വപ്നം പോലും കാണാൻ കഴിയാത്ത ഒരു പഠന മാർഗ്ഗമാണ് ഇതിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടത്. കിലോമീറ്ററുകൾ താണ്ടി ഉപരിപഠനം കരസ്ഥമാക്കിയ പൂങ്കാവിന്റെ മക്കൾക്ക് ഈ വിദ്യാലയം വലിയൊരനുഗ്രഹമായിരുന്നു. സ്നേഹം, അറിവ്, സേവനം എന്ന ലക്ഷ്യത്തിലൂന്നി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം 43 വർഷങ്ങൾ പിന്നിടുമ്പോഴും അതിന്റെ ലക്ഷ്യത്തിൽ നിന്ന് തെല്ലുപോലും വ്യതിചലിക്കാതെ ഉയരങ്ങളിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.

തന്റെ തണൽ തേടി എത്തുന്നവർക്കൊക്കെ പ്രതീക്ഷയും പ്രത്യാശയും നൽകി എല്ലാ ഋതുക്കളിലും പൂക്കുകയും തളിർക്കുകയും ചെയ്യുന്ന കൽപ്പവൃക്ഷം പോലെ നമ്മുടെ വിദ്യാലയം നിലകൊള്ളുന്നു.

## ലക്ഷ്യങ്ങൾ- അക്കാദമികം

1. വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പഠനരീതികൾ ആവിഷ്ക്കരിക്കുക.

2. ഇലക്ട്രോണിക് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭാഷാനൈപുണി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

3. ശാസ്ത്ര വിഷയങ്ങൾ പരീക്ഷണങ്ങളിലൂടെ കണ്ടെത്തി പഠിക്കുവാനുള്ള സാഹചര്യം ഓരോ കുട്ടിക്കും ലഭ്യമാക്കുക.

4. നിരന്തരമൂല്യ നിർണ്ണയ രീതി

5. ആർജ്ജിത അറിവുകളെ പ്രയോജനപ്പെടുത്തുന്ന സാഹചര്യങ്ങൾ വിലയിരുത്തുക.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.

7. പഠനനിലവാരം ഉയർത്തുന്നതിന് പഠന സമയം പുനക്രമീകരിക്കുക.

8. വ്യത്യസ്ത നിലവാരം പുലർത്തുന്ന കുട്ടികളുടെ പഠനശേഷികൾ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

9. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക. കൗൺസലിംഗ് സംവിധാനം നടപ്പിലാക്കുക.

10. രക്ഷാകർത്താക്കളുമായുള്ള നിരന്തര ഇടപെടലിന് പ്രാധാന്യം കൊടുക്കുക.

11. പഠന മികവു പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

12. കുട്ടികളുടെ കലാ-കായിക, ശാസ്ത്ര, സാഹിത്യ വളർച്ചയ്ക്കുതകുന്ന അവസരങ്ങൾ സൃഷ്ടിക്കുക.

13. ഹൈസ്കൂൾ ഹയർസെക്കൻഡറിയായി അപ്ഗ്രേഡ് ചെയ്യുക.

14. അധ്യാപകരുടെ അധിക അറിവ് ശേഖരണം വിവിധ പ്രവർത്തനങ്ങൾ, രക്ഷകർത്താക്കളും കുട്ടികളുമായുള്ള ഇടപെടൽ എന്നിവ വിലയിരുത്താനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക.

## ലക്ഷ്യങ്ങൾ- ഭൗതീകം

1. കായിക ഇനങ്ങൾക്ക് ഓരോന്നിനും പ്രത്യേകം പ്ലേ കോർട്ടുകൾ.

2.ആവി സംവിധാനത്തിലുള്ള പാചകപ്പുര, ഭക്ഷണശാല, പ്രാർത്ഥനാ മുറി, കൗൺസലിംഗ് മുറി, sick room

## ലക്ഷ്യങ്ങൾ- സാമൂഹികം

1. സാമൂഹ്യ പ്രതിബദ്ധത, കാർഷിക അഭിരുചി എന്നിവ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുക

2. ആരോഗ്യ പരിപാലനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളുടെ ആവിഷ്കരണം.

3. സദാചാരബോധം ഉളവാക്കുന്ന രീതിയിലുള്ള പദ്ധതികൾ.

# <u>സ്കൂൾ ചരിത്രം</u>

**ആലപ്പുഴയുടെ പൂങ്കാവനം എന്ന്** വിശേഷിപ്പിക്കപ്പെടുന്ന പൂങ്കാവിന്റെ മണ്ണിൽ ഒരു ഹൈസ്കൂൾ **ഉണ്ടാ**വുക എന്നത് നാടിന്റെ ചിരകാല സ്വപ്ന മായിരുന്നു. ഒത്തിരിയേറെ പ്രാർത്ഥനയും പരിത്യാഗവും പരിശ്രമവും ഇതിന്റെ പിന്നിൽ **ഉണ്ടായി**രുന്നു. ഇവിടുത്തെ കുട്ടികൾക്ക് ഹൈ സ്കൂൾ വിദ്യാഭ്യാസം വിദൂര സ്വപ്നമായി**രുന്നു. ഈ അവസ്ഥ മനസ്സിലാക്കിയ കൊച്ചി രൂപതാ മെത്രാൻ അഭിവന്ദ്യ ഡോ: ജോസഫ് കുരീത്തറ പിതാവിന്റെ ക്ഷണപ്രകാരം** എസ്.എം.ഐ സഭാ സ്ഥാപകൻ ബിഷപ്പ് ലൂയിസ് എൽ.**ആർ**. മോറോ പൂങ്കാവ് സന്ദർശിക്കുകയും കാര്യങ്ങൾ മനസ്സിലാക്കു കയും ചെയ്തതിന്റെ അനന്തരഫലമായിട്ടാണ് മേരി ഇമ്മാക്കുലേറ്റ് കോൺവെന്റും തുടർന്ന് ഹൈ സ്കൂളും രൂപം കൊ**ണ്ട**ത്**. പുതുതായി രൂപം കൊണ്ട ഹൈസ്കൂളിന്റെ പ്രഥമ അദ്ധ്യാപികയായി റവ.സിസ്റ്റർ എത്സ വാരപ്പടവിൽ 17 വർഷം സേവനമനുഷ്ഠിച്ചു. സിസ്റ്റർ എത്സായുടെയും തുടർന്ന് സിസ്റ്റർ ബനീറ്റ, സിസ്റ്റർ മേഴ്സി ജോസഫ്, സിസ്റ്റർ ലിസി ഇഗ്നേഷ്യസ്, സിസ്റ്റർ മെൽവി കുര്യാക്കോസ്, സിസ്റ്റർ സിന്ത, സിസ്റ്റർ ജോസ്ന ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സിസ്റ്റർ വിൻസി എന്നിവരുടെയും സ്റ്റാഫ് അംഗങ്ങളുടെയും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെയും ശ്രമഫലമായി സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മേരി ഇമ്മാക്കുലേറ്റ് ഹൈ സ്കൂൾ ഉയർന്നു.**

തങ്ങളുടെ മക്കൾ മൂല്യബോധമുള്ളവരായി വളർന്ന് കുടുംബത്തിനും നാടിനും താങ്ങും തണലുമായി തീരണം എന്നതായിരുന്നു ഇവിടുത്തെ മാതാപിതാക്കളുടെ സ്വപ്നം. ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി അതിനോട് സർഗ്ഗാത്മകമായി പ്രതികരിക്കുന്ന ഉത്തമ വ്യക്തി ത്വങ്ങളുടെ ഉടമകളാക്കി കുട്ടികളെ രൂപപ്പെടുത്തുക എന്നതായിരുന്നു സ്കൂളിന്റെ ലക്ഷ്യം. അർപ്പണബോധമുള്ള മാനേജ്മെന്റിന്റെയും അധ്യാപ കരുടെയും വിദ്യാർത്ഥികളുടേയും കഠിനാദ്ധ്വാനഫലമായിട്ടാണ് സ്കൂൾ ഈ നിലയിൽ ഇന്ന് പ്രശോഭിക്കുന്നത്.

ജാതിമതഭേദമന്യേ എല്ലാ വിഭാ**ഗത്തിലുമു**ള്ള കുട്ടികളേയും ഉൾക്കൊ ള്ളാൻ മേരി ഇമ്മാക്കുലേറ്റ് സ്കൂളിന് കഴിയുന്നു. വളരെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും ഏറെ പ്രതികൂല സാഹചര്യങ്ങളിൽ നിന്നും വിദ്യ തേടി എത്തുന്നവരാണ് പഠിക്കുന്നവരിൽ അധികവും. ഈ വലിയ പരിമി

തികളുടെ പശ്ചാത്തലത്തിലും ശ്രേഷ്ഠമായ പാരമ്പര്യവും ധന്യതയാർന്ന ലക്ഷ്യബോധവും അതിരറ്റ കർമ്മശേഷിയും പ്രകടിപ്പിച്ചുകൊ് മേരി ഇമ്മാക്കുലേറ്റ് സന്യാസി സമൂഹ **വും** ഒപ്പം ചേർന്ന അധ്യാപക സമൂഹവും തുടക്കം മുതലേ മികവിന്റെ പടവുകൾ ചവിട്ടിക്കയറാൻ സ്കൂളിനെ പ്രാപ്തമാക്കി. പ്രദേശത്ത് ഒരു സ്കൂളിനും കൈവരിക്കാൻ കഴിയാതിരുന്നത്ര മികച്ച അധ്യായന നിലവാരവും വിജയ ശതമാനവും അതിവേഗം കൈവരിക്കാൻ സാധിച്ചു. **എല്ലാ** അദ്ധ്യായനവർഷങ്ങളിലും എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ സാധിച്ചു. കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാന മേളക**ളിലും ദേശീയ തലത്തിലും** മികവാർന്ന വിജയം കൈവരിക്കാൻ സാധിച്ചു എന്നത് മേരി ഇമ്മാക്കുലേറ്റിന്റെ നേട്ടങ്ങൾക്ക് മാറ്റു കൂട്ടുന്നു.

**ആത്മീയവും സാമുദായികവും സാംസ്കാരികവും ആരോഗ്യപരവും വിദ്യാഭ്യാസപരവും തൊഴിൽപരവും ഭാവിയുടെ ഓമനകളുടെ ജീവിതാടിസ്ഥാനാവശ്യത്തിനു വേണ്ടിയുള്ളതുമായ നാടിന്റെ ഓരോ പോരാട്ടത്തിലും ഈ കൃപാസൗധം നമ്മുക്ക് അഭയമാകും.**

## വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

മികച്ചത് എന്ന വാക്കിനർത്ഥം ഏറ്റവും നല്ലത് എന്ന് തന്നെയാണ് . വിദ്യാലയങ്ങൾ മാനവ വിഭവ സൃഷ്ടി കേന്ദ്രങ്ങൾ ആയിരിക്കണം. മാനവ വിഭവത്തെ ഏതൊക്കെ രീതിയിൽ മെച്ചപ്പെടുത്താം എന്നതാണ് ഓരോ വിദ്യാലയവും ഏറ്റെടുത്തു ചെയ്യേണ്ട പ്രവർത്തനം. വിദ്യാഭ്യാസം ഗണപരമായതിനേക്കാൾ ഉപരി ഗുണപരമായിരിക്കണം. വിദ്യാർത്ഥിയുടെ ബൗദ്ധീകവും, ശാരീരികവും, മാനസികവും, സാമൂഹ്യവും, സാംസ്കാരികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിലുള്ള വിദ്യാഭ്യാസമായിരിക്കണം ഓരോ വിദ്യാലയവും ലക്ഷ്യം വയ്ക്കേണ്ടത്.

വിദ്യാലയത്തിൽ നിന്നും ഓരോ കുട്ടിയും ആർജ്ജിക്കുന്ന അറിവുകൾ അവന്റെ ഭാവി ജീവിതത്തിലേയ്ക്കുള്ള ചവിട്ടു പടികൾ ആയിരിക്കണം. ഈ ലക്ഷ്യ പ്രാപ്തിക്ക് വേണ്ടി നമ്മുക്ക് മികവുറ്റ ഒരു വിദ്യാലയം സൃഷ്ടിക്കാം. പഴമകളുടെ അറിവൂറുന്ന പുതുമകളുടെ സാങ്കേതികത നിറഞ്ഞ അറിവിന്റെ ലോകം സൃഷ്ടിക്കാൻ നമ്മുക്ക് നമ്മളാൽ കഴിയുന്നത് ചെയ്യാം.

വിശാലയമായ ലോകത്ത് ഓരോ വ്യക്തിക്കും അനന്ത സാധ്യതകളാണ് ഉള്ളത്. ഒരുവന്റെ കഴിവിനെ മനസിലാക്കി രാജ്യപുരോഗതിക്കും സമൂഹത്തിനും ഉതകുംവിധം തയ്യാറാക്കേണ്ടത് വിദ്യാലയത്തിന്റെ കടമയാണ്. മികവുറ്റ അധ്യാപകരുടെ കൃത്യതയോടെയുള്ള പരിശീലിപ്പിക്കലാണ് വിദ്യാർഥികളെ ലക്ഷ്യ പ്രാപ്തിക്കു സഹായിക്കുന്നത്. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാകണം

എങ്കിൽ പഠന പാഠ്യേതര വിഷയങ്ങളിൽ അഗ്രഗണ്യരായ നൂറു ശതമാനം അർപ്പണ മനോഭാവമുള്ള അനുകമ്പയുള്ള സ്നേഹ വാത്സല്യ വായ്പ്പുകൾ നൽകുന്ന അദ്ധ്യാപക സമൂഹം അനിവാര്യമാണ്.

മികച്ച വിദ്യാഭ്യാസം നൽകുന്നതിന് മികച്ച ഭൗതീകസാഹചര്യങ്ങൾ വിദ്യാലയത്തിനാവശ്യമാണ്. വീട്ടുമുറ്റത്ത് നിന്നും വിദ്യാലയത്തിലേയ്ക്കും വിദ്യാലയത്തിൽ നിന്നും വീട്ടിലേയ്ക്കും കുട്ടിയെ എത്തിക്കുമ്പോൾ അവനു നഷ്ടമാകുന്ന സന്തോഷവും അനുഭവ സമ്പത്തും വിലമതിക്കാനാവാത്തതാണെന്ന് ഓർമ്മവച്ച് കൊണ്ടു അത്യന്താപേക്ഷിത സൗകര്യങ്ങൾ മാത്രമേ കുട്ടിക്ക് ഒരുക്കാവൂ എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു നമ്മുക്ക് ഒരുമിച്ചു നിൽക്കാം.

# നിലവിലെ അവസ്ഥ

**കുട്ടികളുടെ എണ്ണം**

2026-27 അദ്ധ്യായന വർഷത്തിൽ പൂകാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂളിൽ 8,9,10 ലെ 18 ഡിവിഷനുകളിലായി 881 കുട്ടികൾക്ക് പഠിച്ചു വരുന്നു.. സമീപത്തുള്ള എയ്ഡഡ് അൺ എയ്ഡഡ് സ്കൂളിൽ നിന്നുള്ള കുട്ടികളാണ് ഉപരിപഠനാർത്ഥം ഇവിടെ പ്രവേശനത്തിന് അപേക്ഷിക്കുന്നത്. പരിമിതമായ സാഹചര്യങ്ങളിൽ കുട്ടികളെ മുഴുവൻ ഉൾക്കൊള്ളിക്കുക എന്നത് എല്ലാ അദ്ധ്യായന വർഷവും വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ക്ലാസ്സ് 8 ലേക്ക് അഡ്മിഷൻ എടുക്കുന്ന സമയത്ത് ഒത്തിരിയധികം കുട്ടികൾ ഇവിടെ പ്രവേശനത്തിനായി എത്തുന്നു.

**അധ്യാപകർ-നിലവിലെ അവസ്ഥ**

| **വിഭാഗം** | **അധ്യാപകരുടെ എണ്ണം** | **സ്ഥിരം അധ്യാപകർ** | **താല്കാലിക നിയമനങ്ങൾ** | **3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം** |
|---|---|---|---|---|
| Std.8 | 10 | 29 | | 27 |
| ഹൈസ്കൂൾ വിഭാഗം | 19 | | | |

**ഭൗതീക സൗകര്യങ്ങൾ**

നിലവിൽ സ്കൂളിൽ 18 ക്ലാസ്സ് മുറികളാണുള്ളത്. ശാരീരിക വൈകല്യങ്ങളോടുകൂടിയ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് **വേണ്ടി** റാമ്പും റെയിലും സ്ഥാപിച്ചിട്ടുണ്ട്.

സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി വളരെ ചിട്ടയോടും കൃത്യതയോടും കൂടി നടന്നു വരുന്നു. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായ് LPG **സംവിധാനത്തോടുകൂടിയ** പ്രത്യേകമായ പാചകപ്പുര ഇവിടെ നിർമ്മിച്ചിട്ടുണ്ട്. ഇവിടേക്കാവശ്യമായ പാചകത്തൊഴിലാളിയെ നിയമിച്ചിട്ടുണ്ട്.

സ്കൂളിലെ കുട്ടികൾക്കായി 28 ടോയ്‌ലറ്റുകളാണ് ഉള്ളത്. ഇതിൽ 20 എണ്ണം പെൺകുട്ടികൾക്കും 8 എണ്ണം ആൺകുട്ടികൾക്കുമായി പ്രത്യേകം നിർമ്മിച്ചിരിക്കുന്നു. **ഇതോടൊപ്പം** പെൺകുട്ടികൾ **ക്ക് 26 ഉം** ആൺകുട്ടികൾ **ക്ക്30 യുറിനലുകളുമാണുള്ളത്**ഈ ടോയ്‌ലറ്റുകളെല്ലാം തന്നെ വെള്ളം ലഭിക്കുന്ന സൗകര്യത്തോടു കൂടിയതാണ്. 7 ടാപ്പുകളോടുകൂടിയ കുടിവെള്ള സ്രോതസ്സാണ് സ്കൂളിലുള്ളത്. തികച്ചും സുരക്ഷിതമായിത്തന്നെയാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. സ്കൂളിൽ വിസ്തൃതിയുള്ള ഒരു കളിസ്ഥലം ഉ**ണ്ട്**. അയൽപക്ക വിദ്യാലയങ്ങളിലെ കുട്ടികൾ ഇവിടെ സ്ഥിരമായി കളിക്കാൻ എത്താറു**ണ്ട്**.. പൂർണ്ണമായി പണികഴിപ്പിക്കപ്പെട്ട ചുറ്റുമതിലാണ് സ്കൂളിനുള്ളത്. ക്ലാസ്സ് റൂമുകളെല്ലാം തന്നെ വൈദ്യുതീകരിച്ചതാണ്. ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പ്രത്യേകം ഷെൽഫുകളിൽ ക്രമീകരിച്ച വിപുലമായ ഒരു ലൈബ്രറി ഇവിടെയു**ണ്ട്**.. കൂടാതെ

ക്ലാസ്സ് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ കുട്ടികൾ തന്നെ ശേഖരിച്ച് കൈമാറ്റം ചെയ്ത് വായിച്ചു വരുന്നു. സ്കൂൾ പരിധിക്കുള്ളിലുള്ള ഒരു ലൈബ്രറിയും ക്ലാസ്സ് ലൈബ്രറിയുമാണ് കുട്ടികളുടെ വായന പരിപോഷി ഷിക്കാനായി ഉള്ളത്. ദൈനംദിന വാർത്തകൾ കുട്ടികൾക്കു ലഭ്യമാക്കുന്ന തിനായ് ഓരോ ക്ലാസ്സിനും ഓരോ പത്രങ്ങൾ വീതം സ്കൂളിൽ ലഭ്യമാണ്.

**കുട്ടികളുടെ പഠനനിലവാരം**

ഏക തലത്തിലുള്ള ക്ലാസ്സ് റൂം സജ്ജീകരണമാണ് നടപ്പിലാക്കിയിരി ക്കുന്നത്.**എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകളായി മാറിക്കഴിഞ്ഞു.** സ്മാർട്ട് ക്ലാസ്സ് റൂം എല്ലാ അധ്യാപകരും പരമാവധി ഉപയോഗപ്പെടുത്തു ന്നു **ണ്ട്**. മലയാളം മീഡിയത്തിലുള്ള ക്ലാസ്സും ഇംഗ്ലീഷ് മീഡിയത്തിലുള്ള ക്ലാസ്സും ഉ**ണ്ട്**.. മലയാളം മീഡിയത്തിൽ മാതൃഭാഷയാണ് ബോധനമാധ്യമം. ക **ണ്ടെത്ത**ൽ പഠനത്തെയും വാതിൽപ്പുറ പഠനത്തെയും പ്രോത്സാഹിപ്പിക്കാ റു**ണ്ട്**.. പല വിഷയങ്ങളെ സംബന്ധിച്ച് കുട്ടികൾ പ്രോജക്ടുകൾ, അസൈ ന്മെന്റുകൾ എന്നിവ തയ്യാറാക്കാറു**ണ്ട്**.

കുട്ടികൾക്ക് സ്വയം പ്രകാശനത്തിനും ചോദ്യങ്ങൾ ചോദിക്കുന്നതിന ും സംശയ ദൂരീകരണത്തിനും പ്രോത്സാഹനം നൽകാറു**ണ്ട്**.. ലാബ് ഉപക രണങ്ങൾ, ബ്ലാക്ക് ബോർഡ്, ഗ്ലോബ്, ഭൂപടം, ചാർട്ടുകൾ, ലാപ് ടോപ്പ് **പ്രൊജക്ടർ ഇന്റർനെറ്റ്** ഇവയുടെയൊക്കെ സഹായത്തോടെയാണ് അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

സി.സി.ഇ രീതിയാണ് പഠനം വിലയിരുത്താനായി അവലംബിച്ച് വരുന്നത്. അതായത് ക്ലാസ്സ് ടെസ്റ്റ്, യൂണിറ്റ് ടെസ്റ്റ്, ടേർമിനൽ എക്സാമിനേഷനുകൾ, പ്രോജക്ടുകൾ, അസൈമെന്റുകൾ, മറ്റ് കലാ-കായിക മികവുകൾ, പെരുമാറ്റ രീതികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കുട്ടികൾ വിലയിരുത്തപ്പെടുന്നത്. കുട്ടികളുടെ പഠനനിലവാരം മികച്ച രീതിയിൽ നടപ്പാക്കുന്നതിന് എല്ലാ അധ്യാപകരും, മാനേജ്മെന്റും ശ്രമിക്കുന്നതിന്റെ ഫലമായി അഡ്മിഷന്റെ സമയത്ത് മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുക അസാദ്ധ്യമാണ്.

| **അക്കാദമികം** | |
|---|---|
| നിലവിലുള്ളത് | ആവശ്യമുള്ളവ |
| സബ്ജക്ട് കൗൺസിൽ<br>എസ്.ആർ.ജി<br>ക്ലബ്ബ് പ്രവർത്തനങ്ങൾ<br>പഠനോപകരണ നിർമ്മാണം, ശേഖരണം<br>സ്കൂൾ ലൈബ്രറി<br>ലാബ് പ്രവർത്തനങ്ങൾ<br>സി.ഡി ലൈബ്രറി<br>ദിനാചരണങ്ങൾ<br>നിരന്തര വിലയിരുത്തൽ<br>കലാ-കായിക പ്രവർത്തി പരിചയം<br>പഠനപോഷണ പരിപാടി<br>സ്കോളർഷിപ്പ് പരീക്ഷകൾ<br>ടാലെന്റ് സേർച്ച് പരീക്ഷ<br>സ്കൂൾ ബാൻഡ്<br>പ്രസിദ്ധീകരണങ്ങൾ<br>ഐ.ടി. അധിഷ്ഠിത പഠനം | സഹവാസ ക്യാമ്പുകൾ<br>പ്രകൃതിപഠന ക്യാമ്പുകൾ<br><br><br><br><br><br><br><br><br><br>ലാംഗ്വേജ് ലാബ്<br><br>സ്റ്റുഡന്റ് പോലിസ് കേഡറ്റ് |

| | |
|---|---|
| അസംബ്ലി<br>J.R.C<br>SCOUT-GUIDE<br>പഠനയാത്ര<br>ഫീൽഡ് ട്രിപ്പ്<br>വിദഗ്ദ ക്ലാസുകൾ<br>സെമിനാർ<br>ശില്പശാല<br>വിദ്യാലയ ശാക്തീകരണ<br>പരിപാടികൾ<br>മെഗാക്വിസ് പ്രോഗ്രാം<br>മാസം ഒരു വിശിഷ്ടാതിഥി-അഭിമുഖം<br>ബ്ലോഗ്<br>വെബ്സൈറ്റ്<br>സ്കൂൾതല മേളകൾ<br>ക്ലാസ് പത്രങ്ങൾ<br>ക്ലാസ് ലൈബ്രറി<br>ഇന്ററാക്ടീവ് TV ചാനൽ | |

**സാമൂഹ്യ പങ്കാളിത്തം**

സ്കൂൾ അധ്യായന വർഷം ആരംഭിക്കുമ്പോൾ തന്നെ പി.റ്റി.എ. രൂപീകരിക്കാറു ണ്ട്. കുട്ടികളുടെ പഠനം, കലാ-കായിക പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങളുടെ വികസനം എന്നീ കാര്യങ്ങളിൽ പി.റ്റി.എ പ്രവർത്തനനിരതമാണ്. ഐറ്റി- ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാ

സ്ത്ര-പ്രവർത്തിപരിചയ മേളകളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും പി.റ്റി.എ. ശ്രദ്ധാലുക്കളാണ്.

കുട്ടികളുടെ പഠനം വിലയിരുത്തുന്നതിനായ് വർഷത്തിൽ 5 തവണ ക്ലാസ്സ് പി.റ്റി.എ നടത്താറു്. ഇത്തരം യോഗങ്ങളിൽ പഠനപ്രവർത്തനങ്ങൾ മാത്രമല്ല വിലയിരുത്തപ്പെടുന്നത്. കുട്ടികളുടെ സുരക്ഷിതത്വം, വ്യക്തിശുചിത്വം, പരിസരശുചിത്വം, മറ്റുള്ളവരോടുള്ള പെരുമാറ്റം ഇങ്ങനെ പല വിഷയങ്ങളും ചർച്ച ചെയ്യാറുണ്ട്.

സ്കൂൾ പി.റ്റി.എ യുടേയും പൂർവ്വ വിദ്യാർത്ഥി സംഘടനയായ മിയോസയുടേയും സഹകരണത്തോടെ സ്കൂളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് എല്ലാ അധ്യായന വർഷവും യൂണിഫോം, പാഠപുസ്തകം എന്നിവ സൗജന്യമായി നൽകി വരുന്നു.

ഗണിത-സാമൂഹ്യ-ശാസ്ത്ര വർക്ക് എക്സ്പീരിയൻസ് മേളകളിൽ കുട്ടികളെ സംസ്ഥാനതലം വരെ എത്തിക്കാൻ കഴിയുന്നത് അധ്യാപകരുടെ പ്രാഗത്ഭ്യം കൊാണ്.

**ജാഗ്രതസമിതി**

ഹെഡ്മിസ്ട്രസ് ചെയർമാനായ 13 അംഗ ജാഗ്രതസമിതി വളരെ കാര്യക്ഷമമായി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. പി.റ്റി.എ പ്രസിഡന്റ്, സ്കൂൾ മാനേജർ, എസ്.എച്ച്.ഒ, വാർഡ്മെമ്പർ, സ്കൂൾ ലീഡർ, അധ്യാപക-വിദ്യാർത്ഥി പ്രതിനിധികൾ, മാതാപിതാക്കൾ എന്നിവർ വളരെ സജീവമായി സ്കൂൾ സുരക്ഷയ്ക്കു വേ ണ്ടി പ്രവർത്തിക്കുന്നു.

| **സാമൂഹ്യ പങ്കാളിത്തം** | |
|---|---|
| നിലവിലുള്ളത് | ആവശ്യമുള്ളവ |
| പി.ടി.എ<br>സി.പി.ടി.എ<br>എം.പി.റ്റി.എ<br>പൂർവ്വവിദ്യാർത്ഥി സംഘടന<br>ഗൃഹസന്ദർശനം<br>ജാഗ്രതാസമിതി<br>ബോധവത്ക്കരണ ക്ലാസുകൾ<br>കൗൺസലിംഗ്<br>പൂർവ്വ അധ്യാപക- വിദ്യാർത്ഥി സംഗമങ്ങൾ<br>സഹപാഠിക്കൊരു വീട്<br>ആഘോഷദിനങ്ങൾ- ജനകീയമാക്കൽ<br>വായനാമൂല<br>അയല്പക്ക ലൈബ്രറി<br>പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് | കൗൺസലിംഗ്<br>സഹപാഠിക്കൊരു വീട്<br>അയല്പക്ക ലൈബ്രറി |

ക്ലബ് പ്രവർത്തനങ്ങൾ : 12 ക്ലബുകൾ പ്രവർത്തിക്കുന്നു

**വിവിധ ക്ലബ്ബുകൾ**

**സ്കൂളില് നിലവില്** 12 **ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.**വിവിധ മേളകൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവ സ്കൂളിൽ സംഘടിപ്പിക്കുന്നതിന് **വിവിധ ക്ലബ്ബുകൾ** നേതൃത്വം നൽകുന്നു. , സെമി**നാറുകൾ** പ്രൊജക്ടുകൾ ഡിബേറ്റുകൾ എന്നിവ ഈ **ക്ലബ്ബുകളുടെ**നേതൃത്വ**ത്തിൽ** സംഘടിപ്പി**ച്ചുവരുന്നു.** ഇതിൽ വിജയികളായവരെ ജില്ലാതലമേളകളിലും മറ്റും പങ്കെടുപ്പിക്കുന്നു. കുട്ടികളെ സംസ്ഥാനതല മത്സരത്തിൽ എത്തിക്കാൻ മികവാർന്ന പ്രവർത്തനങ്ങളാണ് ക്ലബ് നടത്തി വരുന്നത്.

1. **മലയാളം ക്ലബ്ബ്**
2. **ഇംഗ്ലിഷ് ക്ലബ്ബ്**
3. **ഹിന്ദി ക്ലബ്ബ്**
4. **സോഷ്യൽ സയൻസ് ക്ലബ്ബ്**
5. **സയൻസ് ക്ലബ്ബ്**
6. **ഇക്കോ ക്ലബ്ബ്**
7. **ഹെൽത്ത് ക്ലബ്ബ്**
8. **ഗണിതക്ലബ്ബ്**
9. **റോഡ് സുരക്ഷാ ക്ലബ്**
10. **എനർജി ക്ലബ്**
11. **നല്ലപാഠം**
12. **ഐ.റ്റി ക്ലബ്**

## ലൈബ്രറി

ഓരോ വിഷയത്തിനും പ്രത്യേകം ഷെൽഫുകളോടുകൂടിയ വിപുലമായ ഒരു ലൈബ്രറി സൗകര്യം ഇവിടെയുണ്ട്. കൂടാതെ ക്ലാസ് ലൈബ്രറിയും നല്ല രീതിയിൽ പ്രവർത്തനനിരതമാണ്. ക്ലാസ് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ കുട്ടികൾ തന്നെ ശേഖരിച്ച് കൈമാറ്റം ചെയ്ത് വായിച്ചു വരുന്നു. സ്കൂൾ പരിധിക്കുള്ളിലുള്ള ഒരു ലൈബ്രറിയും, ക്ലാസ് ലൈബ്രറിയുമാണ് കുട്ടികളുടെ വായന പരിപോഷിപ്പിക്കാനായുള്ളത്. ദൈനംദിന വാർത്തകൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഓരോ ക്ലാസിനും 2 പത്രങ്ങൾ വീതം സ്കൂളിൽ ലഭ്യമാണ്.

## ലാബ് പ്രവർത്തനങ്ങൾ

## കമ്പ്യൂട്ടർ ലാബ്

കുട്ടികളുടെ ഐ.ടി പഠനത്തിനായി 51 കമ്പ്യൂട്ടറുകളോടുകൂടിയ സുസജ്ജമായ കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നു.ഡിജിറ്റൽ പെയിന്റിംഗ്, സ്ലൈഡ് പ്രസന്റേഷൻ, മലയാളം ടൈപ്പിംഗ്, ഐടി പ്രൊജക്ട്, വെബ്പേജ് ഡിസൈനിംഗ്, ഐ.ടി ക്വിസ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുകയും ഇതിനെ വിജയിക്കുന്ന കുട്ടികളെ ജില്ലാ-സംസ്ഥാന മേളകളിൽ പങ്കെടുപ്പിക്കാറുണ്ട്. ഐ.ടി വർക്ക്ഷോപ്പ് വളരെ ഫലപ്രദമായ രീതിയിൽ നടത്തി വരുന്നു.

## സയൻസ് ലാബ്

ഒരു ഇന്റഗ്രേറ്റഡ് സയൻസ് ലാബ് സ്കൂളിൽ നിലവിലുണ്ട്. കുട്ടികൾക്ക് അവരുടെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് ഇത് ഉപകരിക്കുന്നു. പഠനത്തോടുള്ള കുട്ടി

കളുടെ താല്പര്യം വളരുന്നതിന് ഇത് സഹായിക്കുന്നു. ഫിസിക്സ്, കെമസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് ഒരേ സമയം ലാബ് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നത് ഒരു പരിമിതിയാണ്.

**<u>സാമൂഹിക ശാസ്ത്ര ലാബ്</u>**

ഗ്ലോബ്, മാപ്പ്, ചാർട്ടുകൾ എന്നിവ കുട്ടികളുടെ പഠനത്തിന് ഉപകാരപ്രദമാകുന്നതിന് വിനിയോഗിക്കാൻ സാധിക്കുന്നു. സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവ വളരെ കൃത്യതയോടെ ഇവിടെ സൂക്ഷിച്ചു പോരുന്നു.

**<u>ഗണിത ലാബ്</u>**

സുസജ്ജമായ ഒരു ഗണിത ലാബ് ഇവിടെയുണ്ട് പഠനോപകരണങ്ങൾ, പഠനസാമഗ്രികൾ, ഗണിതമേളകൾക്കും മറ്റും പങ്കെടുക്കുവാൻ സഹായകമായ ചാർട്ടുകൾ എന്നിവ കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ ഇത് സഹായകമാണ്.

## സാമൂഹിക പങ്കാളിത്തം നിലവിലെ അവസ്ഥ

അക്കാദമിക് പ്രവർത്തനങ്ങളോടൊപ്പം നിരവധിയായ സാമൂഹ്യ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് ഫ്രീ പരിപാടി, കലാകായിക പ്രവർത്തനങ്ങൾ, ഡാൻസ്, സംഗീതം, ബാൻഡ്, സ്കൗട്ട് ആന്റ് ഗൈഡ്, റെഡ്ക്രോസ് തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ സാമൂഹ്യ പങ്കാളിത്തത്തോടെ ചെയ്തു വരുന്നു.

സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി പരിസരപ്രദേശങ്ങളെ ലഹരിവിമുക്തമാക്കാൻ സാധിച്ചു. ഇതിനാവശ്യമായ ബോധവത്കരണ ക്ലാസുകൾ, ലഘുലേഖനങ്ങൾ, മനുഷ്യചങ്ങല, സൈക്കിൾറാലി, എന്നിവ സംഘടിപ്പിക്കുകയുായി. ഒരു വയോധികയുടെ വീട്, കുട്ടികളുടെ വീടുകൾ എന്നിവ വയറിങ്ങ്, അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കുകയുായി. കിടപ്പു രോഗികൾ, മാരക രോഗങ്ങൾ പിടിപെട്ടവർ ഇവർക്ക് സാമ്പത്തിക സഹായം നൽകി.

വിഷമയമല്ലാത്ത പച്ചക്കറികൾ ലഭ്യമാകത്തക്ക രീതിയിൽ കുട്ടികൾ സ്കൂളിൽ ജൈവകൃഷ് നടത്തി. അതിലൂടെ ഉച്ചഭക്ഷണത്തിനാവശ്യ മായ പച്ചക്കറികൾ കത്തെുകയുായി. കുട്ടികൾ ഭക്ഷ്യമേളയിലൂടെ ക ത്തിയ തുക ഉപയോഗിച്ച് സ്കൂളിൽ ഒരു സോളാർ പാനൽ സ്ഥാപിച്ചു.

നിർദ്ധനരായ സഹപാഠികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ നൽകി. ഇവയെല്ലാം വിദ്യാർത്ഥികളുടെയും, സമൂഹ കൂട്ടായ്മയുടെയും ഫലമായുള്ള ഏതാനും ചില പ്രവർത്തനങ്ങൾ മാത്രമാണ്.

വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിസരവാസികളും, പൂർവ്വവിദ്യാർത്ഥികളും നിരന്തരമായ സഹായങ്ങളും, പ്രോത്സാഹനങ്ങളും നൽകി വരുന്നു.

ഓരോ ക്ലാസ്സിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളിൽനിന്നും സ്കൂൾ ലീഡറേയും ചെയർപേഴ്സണേയും തികച്ചും ജനകീയമായി തിരഞ്ഞെടുക്കുന്നു. പിന്നീടുള്ള പാഠ്യപാഠ്യേതര മേഖലകളിൽ അദ്ധ്യാപകരോടും പി.ടി.എ യോടും ഒപ്പം ഇവർ സഹകരിച്ച് പോരുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിലും ഇവർ വളരെ വലിയ പങ്ക് വഹിക്കുന്നു.

# ക്ലബ്ബുകളും ചുമതലകളും

| ക്ലബ്ബുകൾ | ചുമതലകൾ |
|---|---|
| ഭാഷാക്ലബ്ബ്-മലയാളം | വിവേക് വിക്ടർ |
| ഇംഗ്ലീഷ് | ജാഫർ സി |
| ഹിന്ദി | സുമിമോൾ കെ എക്സ് |
| വിദ്യാരംഗം<br><br>കലാസാഹിത്യവേദി | അനിമോൾ കെ എൻ |
| സയൻസ് | മേരി വിനി ജേക്കബ്ബ് |
| ഗണിതം | രാകേഷ് . ആർ |
| സോഷ്യൽ സയൻസ് | സിനോ വി എ |
| ഹെൽത്ത് ക്ലബ്ബ് | ബിജി ആർ |
| നേച്ചർ ക്ലബ്ബ് | ഡാനി ജേക്കബ് |
| എനർജി ക്ലബ്ബ് | ടെസ്സി ജോസ് |
| ഐ.റ്റി ക്ലബ്ബ് | ലിൻസി ജോർജ്ജ് |
| റോഡ് സുരക്ഷാ ക്ലബ്ബ് | സിനോ .വി.എ |
| നല്ലപാഠം ക്ലബ്ബ് | അനിമോൾ കെ എൻ, റാണിമോൾ ഏ.വി |
| സ്പോർട്സ് ക്ലബ്ബ് | സോണി ഗ്രീച്ചൻ |
| ലഹരി വിരുദ്ധ ക്ലബ്ബ് | അജേഷ്. കെ |
| സ്കൗട്ട് മാസ്റ്റർ | അജേഷ്. കെ, സിനോ . വി. എ, സിജോ വി എ |
| ഗൈഡ് ക്യാപ്റ്റൻ | ശ്രീമതി. ആൻസി, ഷീബ ജോർജ്ജ് |

# 7. പദ്ധതി വിശദാംശങ്ങൾ(വിഷയമേഖലകൾ)

**അക്കാദമിക മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ് 2026 – 2027**

മേഖല : **അക്കാദമികം**

**ഉപ മേഖല: സാമൂഹ്യ ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായ ശേഖരണം, സെമിനാർ മുതലായവ)<br>പ്രശ്നബാധിതരുമായി അഭിമുഖം, വിദഗ്ധരുമായുള്ള പാരസ്പര്യം | ദീർഘ കാലം | അധ്യാപകർ, രക്ഷിതാക്കൾ | SMC, PTA, പൂർവ്വ വിദ്യാർഥികൾ, ഗ്രാമപഞ്ചായത്ത് |
| 2 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം | ***മൈ സിനിമ റൂം :*** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ദിനാചരണങ്ങൾ, | വർഷം മുഴുവനും | അധ്യാപകർ, SRG ഡിബേറ്റ് ക്ലബ്ബ് | SMC, PTA |

| | | | | | |
|---|---|---|---|---|---|
| | വളർത്തുക. | പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമാക്കുക. വിഡീയോ പ്രദർശനം, പ്രൊജക്ക്റ്റ് റൂം, ചരിത്ര സിനിമ പ്രദർശനം. | | | |
| 3 | വ്യക്തിസമൂഹത്തി ന്റെ അടിസ്ഥാന യൂണിറ്റാണെന്ന് തിരിച്ചറിയുകയും തദനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിന് പ്രാപ്തനാക്കുക | മാലിന്യ നിർമാർജന(സ്വച്ഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ പ്രാദേശിക സർവ്വേ പതിപ്പുകൾ, ചുമർ പത്രികകൾ | വർഷം മുഴുവനും | SS Club | SRG, SMC, PTA, JRC, Scout and Guide |
| 4 | വ്യത്യസ്ത ഇനം മണ്ണ്, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ എന്നിവയെ പരിചയപ്പെടുക | ***ചരിത്ര കൊട്ടാരം :*** വിവിധ മേഖലകളെകുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ട്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | വർഷം മുഴുവനും | അധ്യാപകർ, SRG SS Club | SMC, PTA, പൂർവ്വ വിദ്യാർഥി കൾ, ഗ്രാമപഞ്ചാ യത്ത്., കോർപറേ ഷൻ, ചരിത്ര ഗവേഷകർ |
| 5 | മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂ | ***ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :*** സർവ്വേ, പ്രൊജക്ക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, ഫീൽഡ് ട്രിപ്പ്, അഭിമുഖം, | അക്കാദമി ക വർഷം | S S അധ്യാപകർ | SS Club |

| | | | | | |
|---|---|---|---|---|---|
| | ടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപെടുത്തുക. | എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക. | | | |
| 6 | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവു കൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹ്യ ശാസ്ത്ര കോർണർ | അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ, അറ്റ്ലസ്, ഇയർബുക്ക്, എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ.<br>ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം<br>സ്റ്റാർട്ട് അപ്പ് - സാമൂഹികശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | അധ്യാപകർ, SS Club | SRG Rs:- 10,000 |
| 7 | ചരിത്രാവബോധമുണ്ടാക്കുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെടുത്തുന്നതിനുമായി ഒരു ചരിത്ര മ്യൂസിയം | വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ, രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും പുരാരേഖകളും | വർഷം മുഴുവനും | അധ്യാപകർ, SS Club | SMC, PTA, പൂർവ്വ വിദ്യാർഥികൾ, ഗവേഷകർ. Rs- 15,000 |

| | | | | | |
|---|---|---|---|---|---|
| | | സൂക്ഷിക്കാനുള്ള മ്യൂസിയം ഒരുക്കൽ<br>***കാടും മേടും*** – ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് field trip സംഘടിപ്പിക്കുന്നു. | | | |
| 8 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ.<br>ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്രത്തിനു ള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്ന ലാബ് (ഗ്ലോബ്, ഭൂപടങ്ങൾ, മാതൃകകൾ, പ്രവർത്തന മാതൃകകൾ, ടെലസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ മുതലായവ)<br>***പട്ട്പാതയിലൂടെ*** **:** ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | അധ്യാപകർ, SS Club | SRG, SMC, PTA, SSA, RMSA |
| 9 | ആനുകാലിക വിഷയങ്ങളിലേക്ക് തെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ് | സമകാലിക പ്രസക്തമായ വിഷയങ്ങളിലൂന്നി ആശയപരമായ സംവാദങ്ങൾ, ചർച്ച, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ<br>പ്രദേശത്തിന്റെ വിവിധ കോർണറുകളിലും ഇത്തരം പരിപാടികൾ | മാസം രണ്ട് | ഡിബേറ്റ് ക്ലബ് | SRG, അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ |

| | | | | | |
|---|---|---|---|---|---|
| 10 | ഇന്ത്യയുടെ സാംസ്കാരികമായ വൈവി ധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ് | വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരവരുടെ പ്രാദേശികമായ വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുക<br>സാധ്യമെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘത്തിന്റെ സ്കൂൾ സന്ദർശനം | വർഷം ഒന്ന് | അധ്യാപകർ, STG | SRG, അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ |
| 11 | പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തു<br>തകൾ ഗ്രഹിക്കലും ഉറപ്പിക്കലും | ***ചരിത്ര-സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം***<br>കൊല്ലം ജില്ലയിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളായ വേലുത്തമ്പി ദളവ സ്മാരകം,മണ്ണടി ക്ഷേത്രം, ജടായു പാറ, കോട്ടുക്കൽ ഗുഹാ ക്ഷേത്രം,പുനലൂർ ത്തുക്കുപാലം, കൊട്ടാരക്കരതമ്പുരാൻ മ്യൂസിയം, മൺറോ തുരുത്ത്, ദേശീയ ജലപാത, തങ്കശേരി കോട്ട, തങ്കശ്ശേരി ലൈറ്റ്ഹൗസ്, കൊല്ലം പോർട്ട്, നീണ്ടകര ഹാർബർ, സാമ്പ്രാണികൊടി, ജില്ലാ ജയിൽ, കലക്ടറേറ്റ്, കോടതി സമുച്ചയം,പോലീസ് സ്റ്റേഷൻ, ജില്ലാ ആശുപത്രി. ഉൾപ്പെടുത്തി പഠനയാത്ര | വർഷം<br>രണ്ടെണ്ണം | അധ്യാപകർ, SRG SS Club | SMC, PTA, പൂർവ്വ വിദ്യാർഥികൾ, ഗവേഷകർ, ഗ്രാമപഞ്ചായത്ത്, കോർപറേഷൻ. വിവിധ സ്ഥാപനങ്ങൾ |
| 12 | ശാസ്ത്ര സാങ്കേതിക | GIS / GPRS | ഹ്രസ്വ | അധ്യാപകർ, SS Club | SITC, JSITC |

| | | | | | |
|---|---|---|---|---|---|
| | രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക | സൗകര്യങ്ങളുപയോഗിച്ച് കൃഷിയിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം | കാലം | | |
| 13 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക.<br><br>ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിഎടുക്കുക, മൂല്യബോധം വളർത്തുക | SS Club പ്രവർത്തനങ്ങൾ<br>ക്ലാസ് തല - സ്കൂൾതല തെരഞ്ഞെടുപ്പ്<br>സവിശേഷ വിഷയങ്ങളിൽ ആശയ സംവാദങ്ങൾ<br>പ്രകടന പത്രിക, മീറ്റ് ദ കാൻഡിഡേറ്റ്, ഇലക്ട്രോണിക് ഉപകരണത്തിലൂടെയുള്ള സ്കൂൾ പാർലമെൻറ്, സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനം നടത്തുക. | അക്കാദമിക് വർഷത്തിലെ തെരഞ്ഞെടുത്ത ദിവസങ്ങൾ | S S അധ്യാപകർ | |
| 14 | പ്രാദേശികതലം മുതൽ ജനജീവിത ത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br>കോർപറേഷൻ, പഞ്ചായത്ത്, ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ<br>ചരിത്ര സംഭവങ്ങളുടെ Time-line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | S S അധ്യാപകർ | |

**അക്കാദമിക മാസ്റ്റർ പ്ലാൻ – ബയോളജി2026 – 2027**

മേഖല : **അക്കാദമികം**

**ഉപ മേഖല: ബയോളജി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| • സ്കൂൾ ശാസ്ത്ര ലാബ് പരിചയ പ്പെടുത്തൽ | മൈക്രോസ്കോപ് ഉപയോഗിക്കാനും സ്ലൈഡ് നിർമിക്കാനും പ പഠിപ്പിക്കുന്നു . | ആദ്യ ടേം | ബയോളജി അധ്യാപകർ | PTA,സ്കൂൾ fund |
| 2. ശാസ്ത്ര പദങ്ങൾ പരിചയപ്പെടുത്തൽ | പുതിയ വാക്കുകൾ കേട്ടെഴുത്ത് നടത്തിയും വാക്കുകളുടെ അർഥം വിശദീകരിച്ചും നല്കുന്നു . | ഒരു വർഷം | ബയോളജി അധ്യാപകർ | ക്ലാസ് ടീച്ചർ |
| 3. പ്രകൃതിയെ അറിയാനുള്ള അവസരം | പരിസ്ഥിതിദിന പ്രവർത്തനങ്ങൾ,സ്കൂൾ പൂന്തോട്ടം ,ഔഷധസസ്യതോട്ടം,ബയോഡൈവേഴ്സിറ്റി രജിസ്റ്റർ | ജൂൺ,ജൂലൈ | ബയോളജി അധ്യാപകർ | ബയോ ഡൈവേഴ്സിറ്റി ബോർഡ് |
| 4. ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കൽ | പരിസര ശുചീകരണം,ബോധവൽകരണം,ക്ലാസ്സുകൾ, ഫുഡ് പ്ലെയ്റ്റ് തയ്യാറാക്കൽ | യഥാസമയങ്ങളിൽ | ബയോളജി അധ്യാപകർ | ആരോഗ്യ വകുപ്പ് |
| 5. ഫിസിയോളജി രസകരമായി പഠിക്കാൻ | ചിത്രങ്ങളുടെ പ്രദർശനം ,കുട്ടി ടീച്ചർമാർ | ഓരോ മാസവും പാഠം തീരുന്നതിനനുസരിച്ച് | ബയോളജി അധ്യാപകർ | രക്ഷകർത്താക്കൾ, പൂർവ വിദ്യാർഥികൾ |

**അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി2026 – 2027**

മേഖല : **അക്കാദമികം**

**ഉപ മേഖല: ഹിന്ദി**

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 1<br>മേഖല : ഹിന്ദി | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
| പഠിതാക്കളുടെ സ്ഥിതി നിലവാരം തിരിച്ചറിയൽ | അറിയാം-പറയാം: പ്രീടെസ്റ്റ് ടൂൾ വികസിപ്പിക്കൽ.<br>* അക്ഷര വിന്യാസം<br>* പദവിന്യാസം<br>* ലഘുവാക്യങ്ങൾ<br>* കുറിപ്പ് തയ്യാറാക്കൽ<br>*മൂല്യനിർണയം ഫലം പഠിതാക്കളും രക്ഷിതാക്കളുമായി പങ്കുവക്കൽ | ജൂൺ | വിഷയ സമിതി | സിപി ടി എ |
| പ്രവർത്തനം : 2<br>മേഖല : ഹിന്ദി | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
| ഹിന്ദിയിൽ ആശയഗ്രഹണശേഷി കൈവരിക്കൽ | വായിക്കാം എഴുതാം<br>➢ ക്ലാസ് തല ശിൽപശാല ലഘു കഥ,കവിത വായന ചോദ്യ നിർമ്മാണം<br>കുറിപ്പ് തയ്യാറാക്കൽ<br>കവിതാലാപനം<br>സംഭാഷണം<br>➢പ്രൊഫൈൽ തയ്യാറാക്കൽ | ജൂൺ - ജുലായ് | വിഷയ സമിതി | സി പി ടി എ |
| പ്രവർത്തനം : 3<br>മേഖല : ഹിന്ദി | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
| ഹിന്ദിയിൽ ഭാഷണ ശേഷി നേടൽ | ആടാം പാടാം<br>➢ കഥ/കവിതനാടകീകരണം | ആഗസ്റ്റ് | വിഷയ സമിതി | സി പി ടി എ |

| | | | | |
|---|---|---|---|---|
| | ⊙ കഥ,കവിത വായന<br>⊙ താളാത്മക അവതരണം<br>⊙ സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>⊙ തിയറ്റർ ഗെയിം<br>⊙ നാടക അവതരണം<br>⊙ ഡിജിറ്റൽ ടെക്സ്റ്റ് തയ്യാറാക്കൽ<br>⊙ നാടക വീഡിയോ പ്രദർശനം<br>➢ മെച്ചപ്പെടുത്തി പുനരവരണം | | | |

പ്രവർത്തനം : 4
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| ഹിന്ദിയിൽ ലേഖന ശേഷി കൈവരിക്കൽ | സർഗ സൃഷ്ടി<br>➢ കഥ രചന ശിൽപശാല<br>⊙ കഥകളുടെ വായന<br>⊙ കഥാക്രാഫ്റ്റ് പരിചയപ്പെടൽ<br>⊙ തീം കണ്ടെത്തൽ<br>⊙ കഥാ രചന | സെപ്റ്റംബർ | വിഷയ സമിതി | സി പി ടി എ |

പ്രവർത്തനം : 5
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| ഹിന്ദിയിൽ ആവിഷ്കാരശേഷി നേടൽ | രംഗമഞ്ച്<br>➢ മെഹ്ഫിൽ<br>⊙ കഥയരങ്ങ്<br>⊙ കവിയരങ്ങ്<br>⊙ ഹിന്ദി ഗാനാലാപനം<br>⊙ പ്രസംഗം<br>⊙ അന്താക്ഷരി<br>➢ വീഡിയോ പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ-നവംബർ | വിഷയ സമിതി | സി പി ടി എ |

പ്രവർത്തനം : 6
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഹിന്ദിയിൽ മുഖാമുഖം നടത്താനു ള്ള ശേഷി കൈവരിക്കൽ | അതിഥിയോടൊപ്പം ഒരുദിനം<br>➢ മുഖാമുഖം<br>◎ പുസ്തക വായന<br>◎ ചോദ്യാവലി തയ്യാറാക്കൽ<br>◎ അവതരണം<br>◎ എഡിറ്റിംഗ്<br>◎ മെച്ചപ്പെടുത്തൽ<br>◎ അഭിമുഖം നടത്തൽ<br>➢ വീഡിയോ തയ്യാറാക്കൽ | നവംബർ-ഡിസംബർ | വിഷയ സമിതി | സി പി ടി എ |

പ്രവർത്തനം : 7

മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| ഹിന്ദിയുടെ സാധ്യതകൾ പരിചയപ്പെടൽ | പുറംലോകത്തേക്ക്<br>➢ സ്ഥാപന സന്ദർശനം<br>◎ ഗ്രന്ഥാലയ സന്ദർശനം<br>◎ ട്രെയിൻ യാത്ര<br>◎ പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടൽ<br>◎ അതിഥി തൊഴിലാളികളെ സന്ദർശിക്കൽ<br>◎ അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>◎ എഡിറ്റിംഗ്<br>◎ മെച്ചപ്പെടുത്തൽ<br>➢ വീഡിയോ ടെക്സ്റ്റ് | ജനുവരി | വിഷയ സമിതി | സി പി ടി എ |

**അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം2026 – 2027**

മേഖല : **അക്കാദമികം**

**ഉപ മേഖല: മലയാളം**

പ്രവർത്തനം : 1

മേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| ഭാഷാപര മായ പിന്നോ ക്കാവസ്ഥ പരിഹരി ക്കൽ | പ്രീ-ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം തിരിച്ചറിയൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ് ഉപയോഗിക്കൽ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം – അടിക്കുറിപ്പ് എഴുതൽ<br>ചിത്രം – കഥ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക ക്ലാസ് | 2 മാസം (ഓഗസ്റ്റ് – സെപ്റ്റം ബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ, | പി.ടി. എ., അധ്യാ പകർ |

പ്രവർത്തനം : 2

മേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| കുട്ടിയെ മിക ച്ച വായന ക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടംരൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാല അംഗത്വം<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വിദ്യാരംഗം കലാസാഹിത്യ പ്രവർത്തനം<br>ദിനാചരണം<br>സാഹിത്യകാരന്മാരുമായി അഭിമുഖം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ,<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി. എ., അധ്യാ പകർ |

| | | | | |
|---|---|---|---|---|
| | ആനുകാലിക പ്രസിദ്ധീകരണങ്ങളും<br>വായനയും<br>ആസ്വാദന വായന<br>ഇ-വായന | | | |

പ്രവർത്തനം : 3

മേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ<br>ചുമർപ്പത്രം / പത്രം തയ്യാറാക്കൽ<br>സൃഷ്ടിപരമായ പുസ്തകങ്ങൾ തയ്യാറാക്കൽ<br>വ്യക്തിഗത രചന, സംഘം രചന<br>ഭാഷാ പ്രോജക്ട്<br>സാഹിത്യകാരന്മാരുമായി അഭിമുഖം, സംവാദം<br>സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | പി.ടി.എ., അധ്യാപകർ |

പ്രവർത്തനം : 5

മേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ചുമതല |
|---|---|---|---|---|
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലനം<br>വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കൽ<br>പ്രധാന പ്രസംഗങ്ങളുടെ ഓഡിയോ/ വീഡിയോ കേൾക്കൽ<br>പ്രസംഗങ്ങൾ അവതരിപ്പിക്കാൻ പരിശീലനം നൽകുന്ന വേദികൾ സജ്ജമാക്കുക | 6 മാസം | ഓഡിയോ, വീഡിയോ | ട്രെയിനർ / അധ്യാപകർ |

**English Academic Master Plan**

An academic master plan is usually organised by learning outcomes, skills, activities, assessments and monthly targets .Here is a combined English Academic Master Plan.

**(Classes 8-10) Suitable for a school year**

**Objectives**

**Students will be able to**

-improve reading, writing, listening and speaking skills.
-develop grammar & vocabulary
-understand & appreciate literature
-communicate effectively in academic situations and real-life.
-prepare for examination through regular practice

**Class 8 English Master Plan**

| Area | Focus | Activities | Assessment |
|---|---|---|---|
| 1. Reading | Stories, Poems, Passage | Loud reading, comprehensive reading | Reading test |
| 2.Writing | Paragraphs, letters, Diary writing | Writing practice | Notebook evaluation |
| 3. Grammar | Tenses, articles, Prepositions | worksheets | Grammar quiz |
| 4 Speaking | Conversation, Story telling | Pair work | Oral assessment |
| 5. Vocabulary | Synonyms, antonyms | Word games | Vocabulary test |

Outcome - Build foundational communication skills.

**Class 9 English Master plan**

| Area | Focus | Activities | Assessment |
|---|---|---|---|
| 1)Reading | Comprehension | Discussion | Reading evaluation |
| 2)Writing | Essays, reports,notices | Writing tasks | Unit tests |
| 3) Grammar | Voice,Clauses,Reported speech | Exercises | Grammar tests |
| 4) Literature | Themes, characters | group activities | Presentation |
| 5.) Speaking | Debate, speech | Seminar | Oral tests |

Outcome - Develop analytical & expression skills

**<u>Class 10 English Master Plan</u>**

| Area | Focus | Activities | Assessment |
|---|---|---|---|
| 1.Reading | Exam oriented passages | Practice tests | Reading Scores |
| 2. Writing | formal letters, articles, | Timed writing | Exam evaluationnessays |
| 3: Grammar | Revision & advanced use | worksheets | Tests |
| 4) Literature | Detailed text analysis. | Revision | Model exams |
| 5) Speaking | Presentations and discussions | Oral tasks | performance |

Outcome- Achieve exam readiness and effective Communication

**അക്കാദമിക മാസ്റ്റർ പ്ലാൻ – സയൻസ് 2026 – 2027**

മേഖല : **അക്കാദമികം**

**ഉപ മേഖല: സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചിയും അന്വേഷണ മനോഭാവവും വളർത്തുക | സ്കൂൾതല സയൻസ് എക്സിബിഷൻ, ശാസ്ത്രീയ അന്വേഷണ പ്രോജക്ടുകൾ, Science Corner, പൊതുസമൂഹത്തിനു മുന്നിൽ പരീക്ഷണങ്ങൾ അവതരിപ്പിക്കൽ | വർഷം മുഴുവൻ | സയൻസ് ക്ലബ്, ശാസ്ത്ര അധ്യാപകർ | PTA, സ്കൂൾ ഫണ്ട് |
| ശാസ്ത്രമേളകളിൽ മികച്ച പങ്കാളിത്തവും നേട്ടവും ഉറപ്പാക്കുക | പ്രത്യേക പരിശീലനം, മോഡൽ നിർമ്മാണ വർക്ക്ഷോപ്പ്, വിദഗ്ധ ക്ലാസുകൾ | ജൂൺ–നവംബർ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ് | PTA |
| ശാസ്ത്ര ലാബുകളുടെ നവീകരണവും ഫലപ്രദ ഉപയോഗവും ഉറപ്പാക്കുക | ലാബ് നവീകരണം, ഉപകരണങ്ങൾ ക്രമീകരിക്കൽ, ഡിജിറ്റൽ റിസോഴ്സുകൾ, Lab Day | ജൂൺ–ജൂലൈ | ശാസ്ത്ര അധ്യാപകർ | PTA, CSR, സ്കൂൾ ഫണ്ട് |
| ശാസ്ത്ര പ്രസിദ്ധീകരണങ്ങളിലൂടെ ശാസ്ത്രീയ രചനാശേഷി വളർത്തുക | ശാസ്ത്ര മാസിക, ഡിജിറ്റൽ ന്യൂസ് ലെറ്റർ, ലേഖന/കാർട്ടൂൺ മത്സരങ്ങൾ | 6 മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | PTA |
| പഠനപിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുക | പ്രത്യേക പരിശീലനം, Peer Learning, പുരോഗതി വിലയിരുത്തൽ | ആഴ്ചയിൽ 2 ദിവസം | ശാസ്ത്ര അധ്യാപകർ | സ്കൂൾ ഫണ്ട് |
| അനുഭവാധിഷ്ഠിത പഠനം പ്രോത്സാഹിപ്പിക്കുക | ഫീൽഡ് ട്രിപ്പ്, Nature Study Camp, ജൈവവൈവിധ്യ പഠനം | വർഷത്തിൽ 1–2 തവണ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ് | PTA |
| ശാസ്ത്ര ദിനാചരണങ്ങളും STEM കരിയർ ബോധവത്കരണവും സംഘടിപ്പിക്കുക | ശാസ്ത്ര ദിനങ്ങൾ, STEM സെമിനാറുകൾ, ക്വിസ്, വീഡിയോ മത്സരം | ആവശ്യാനുസരണം | സയൻസ് ക്ലബ് | PTA |
| നവോത്ഥാനവും കണ്ടുപിടിത്ത സംസ്കാരവും വളർത്തുക | Innovation Challenge, YIP പ്രവർത്തനങ്ങൾ, Low-cost Science Models | വർഷം മുഴുവൻ | സയൻസ് ക്ലബ്, YIP ക്ലബ് | PTA, Sponsorship |
| ഡിജിറ്റൽ ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുക | Virtual Lab, Science Podcast, QR Learning Resources | മാസത്തിൽ ഒരിക്കൽ | ഐ.ടി. ക്ലബ്, സയൻസ് ക്ലബ് | സ്കൂൾ ഫണ്ട് |

## <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## <u>അടിസ്ഥാന ഗണിതം</u>

**ആമുഖം**

കുട്ടികളുടെ ഗണിതവലകരണ ശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളേയും ഗണിത പഠനത്തിന് താല്പര്യമുള്ളവരാക്കാൻ നമുക്ക് എന്ത് ചെയ്യാനാവും? കുട്ടികൾക്ക് ഭയം മാറി അവരത് ആസ്വദിക്കുന്ന അവസ്ഥ വരണം. കുട്ടികൾ ഗണിതം പഠിക്കണം. ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രിക നടപടി ക്രമങ്ങളുമല്ല എന്ന തിരിച്ചറിവുണ്ടാകണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാവണം. ക്ലാസ്സിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസമുണ്ടാകണം. ഇതിനു സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമുക്ക് ഉറപ്പാക്കേണ്ടത്. ജ്ഞാനനിർമ്മിതിയിലധിഷഠിതമായ പ്രക്രിയബന്ധിത ഈ ലക്ഷ്യത്തിലേക്ക് നമ്മെ അടുപ്പിക്കും.

**<u>ഗണിതപഠനം പ്രശ്നങ്ങൾ</u>**

**അക്കാദമികം**

1. ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

2. കുട്ടികൾക്ക് പ്രൈമറി ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല

3. ഐ.സി.ടി. അധിഷ്ഠിതമായും പ്രക്രിയാ ബന്ധിതമായും പാഠാസൂത്രണം നട ത്തുന്നതിന് പരിമിതിയുണ്ട്.

4. പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്

**ഭൗതികം**

1. ക്ലാസ്സ് മുറികൾ ഐ. സി. ടി. അധിഷ്ഠിത പഠനത്തിനും പ്രവർത്തനാധിഷഠിത പഠനത്തിനും അനുയോജ്യമല്ല.

2. ഗണിതലാബിന്റെ അഭാവം

3. ഗണിതലൈബ്രറി ഫലപ്രദമല്ല

**സാമൂഹികം**

1. സമൂഹത്തിലെ ഗണിത വൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗി ക്കാൻ കഴിയുന്നില്ല.

## പ്രശ്ന വിശകലനം

പ്രശനം : 1. ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br><br>1. അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണകുറവ് കാരണം താൽപര്യമില്ലാതെയാണ് കണക്ക് ക്ലാസ്സുകളിൽ ഇരിക്കുന്നത്. അതുകൊണ്ടുതന്നെ ശരിയായ രീതിയിൽ മനസ്സിലാവുന്നില്ല.<br><br>2. “ഗണിതം ബുദ്ധിമുട്ടാണ് മനസ്സിലാക്കാൻ' എന്ന മുൻ വിധിയോടെ സമീപിക്കുന്നു.<br><br>3. പാഠപുസ്തകങ്ങൾ, ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയില്ലാതെ ആണ് പല കുട്ടികളും ക്ലാസ്സിൽ വരുന്നത്. | 1. 8-ാം ക്ലാസിൽ (പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലനിർണ്ണയിക്കൽ<br>2. ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ നേടിയ അടി സ്ഥാനശേഷികൾ ഉറപ്പിക്കുക<br>3. എല്ലാകുട്ടികളെയും പരിഗ ണിച്ചുകൊണ്ട് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുക.<br>4. ആശയവിനിമയത്തിന് സഹായകമാകുന്ന തരത്തി ലുള്ള ആസൂത്രണം നടത്താൻ പഠനോപകരണ ശിൽപ്പശാല നടത്തുക.<br>5. കുട്ടികൾക്ക് ഗണിത പഠനത്തിൽ താൽ പ്പര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ക്ലബ്ബിന്റെ | 1. പ്രീ ടെസ്റ്റ്<br>2. ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെ കുട്ടി കൾ നേരിടേണ്ടുന്ന അടിസ്ഥാന ശേഷ കൾ പട്ടികപ്പെ ടുത്തി പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് കുട്ടി<br>3. കൃത്യ മായി വിഷയ സമിതി യോ ഗ ങ്ങൾ ചേർന്ന് പാഠഭാഗ ങ്ങൾ ആസൂത്രണം ചെയ്ത് വിനിമയം ചെയ്യുക.<br>4. ഗണിത ക്ലബ്ബ് രപവർത്തനങ്ങൾ ആസ്സൂര്ത്തണം ചെയ്ത് സമയബ |

| | | |
|---|---|---|
| 4. രാവിലെ ഭക്ഷണം കഴി<br>ക്കാതെ വീട്ടിൽ നിന്ന്<br>വരുന്ന കുട്ടികളും<br>ഉച്ചഭക്ഷണം കഴി<br>ക്കാതെ ഇരിക്കുന്ന<br>കുട്ടികളും ഉണ്ട്.<br>അതുകൊണ്ട് തന്നെ<br>അവർക്ക് പഠനത്തിൽ<br>ശ്രദ്ധിക്കാൻ കഴിയുന്നില്ല.<br><br>5. പഠിക്കുന്ന ആശയങ്ങൾ<br>നിത്യജീവിതവുമായി ബന്ധ<br>പ്പെടുത്താൻ കഴിയുന്നില്ല.<br><br>6. ഗണിതാശയങ്ങളിലെ<br>അളവുകൾ<br>പ്രായോഗികമായി അള<br>ന്നുനോക്കി<br>ബോദ്ധ്യപ്പെടാൻ<br>അവസരങ്ങളില്ല<br>അതുകൊണ്ടു തന്നെ<br>വ്യാപ്തം, പരപ്പളവ്,<br>എന്നിവ കേവലം | നേതൃത്വത്തിൽ ചെയ്യുക.<br>6.പാഠപുസ്തകങ്ങൾ<br>ഇൻസ്ട്രുമെന്റ് ബോക്സ്<br>എന്നിവ ലഭ്യമാക്കുക<br>7. അധിക സമയം കണ്ടെ<br>ത്തുക<br>8. ഗണിതാശയങ്ങൾ<br>നിത്യജീവിതവുമായി<br>കഴിയുന്നതും<br>ബന്ധപ്പെടുത്തുക<br>9. സ്വയം പഠനത്തിന്<br>സഹായകരമാകുന്ന<br>പഠനോപകരണ<br>ങ്ങൾ രപവർത്തനങ്ങൾ<br>എന്നിവ ആസൂരതണം<br>ചെയ്യുക<br>10.ഗണിത്രപവർത്തനങ്ങൾ<br>ചെയ്യുന്നതിന് ലാബ്<br>സജ്ജമാക്കുക.<br>11. അദ്ധ്യാപകർക്ക് 07<br>പരിശീലനം ലഭ്യമാക്കുക.<br>12.മേളകൾ, ഒഴിവുദിവസ | ന്ധിതമായി നടപ്പി<br>ലാക്കുക<br>5. ക്ലാസുകളിൽ<br>ടെക്സ്റ്റ് പുസ്തക<br>ങ്ങൾ (താഴ്ന്നക്ലാസുകളിലേ<br>തുൾപപ്പടെ)<br>ഇൻസ്ട്രുമെന്റ്<br>ബോക്സ് പഠനോ<br>പകരണങ്ങൾ<br>എന്നിവ ലഭ്യമാക്കുക.<br>6. ക്ലബ്ബിന്റെ നേതൃ<br>ത്വത്തിൽ നിത്യജീ<br>വിതവുമായി ബന്ധ<br>പ്പെട്ട പവർത്തനങ്ങൾ<br>ചെയ്യുക.<br>7. പഠനോപകരണ<br>ശിൽപ്പശാല സംഘ<br>ടിപ്പിക്കുക.<br>8. അദ്ധ്യാപകർക്ക്<br>പാഠഭാഗവുമായി<br>ബന്ധപ്പെടുത്തി<br>കൊണ്ട് ഐ.സി.ടി. |

| | | |
|---|---|---|
| സൂത്രവാക്യത്തിൽ മാത്രം<br>മനസ്സിലാക്കാനെകഴിയുന്നു<br>ള്ളൂ.<br><br>**അധ്യാപകർ**<br>1. എല്ലാകുട്ടി കൾക്കും<br>താൽപര്യം<br>ഉണ്ടാക്കുന്നരീതിയിൽ<br>ക്ലാസ്സുകൾ മുന്നോട്ടു<br>കൊണ്ടുപോകാൻ<br>കഴിയുന്നില്ല.<br>2. വൈവിധ്യമാർന്ന പ്രവർ<br>ത്തനങ്ങൾ നടപ്പാക്കാൻ<br>കഴിയുന്നില്ല.<br>3. കൃത്യമായി ആസൂത്രണം<br>ചെയ്യാനുള്ള ധാരണക്കുറവ്<br>4. ആസൂത്രണം ചെയ്താലും<br>വിനിമയത്തിനുള്ള<br>സമയക്കുറവ്<br>5. പഠനോപകരണങ്ങൾ | ത്തേക്ക് മാറ്റുക.<br>13.ക്ലാസ് റൂമുകൾ<br>ഹൈടെക്ആക്കുക<br>14.ക്ലാസ് ലൈബ്രറി, സ്കൂൾ<br>ലൈബ്രറി എന്നിവയിൽ<br>ഗണിതവുമായി ബന്ധപ്പെട്ട<br>പുസ്തകങ്ങൾ<br>ശേഖരിക്കുകയും കുട്ടി<br>കൾക്ക് ലഭ്യമാക്കുകയും<br>ചെയ്യുക<br>15. ക്ലാസ് പി.ടി.എ.<br>വിളിച്ച്<br>രക്ഷിതാക്കൾക്ക്<br>കുട്ടികളുടെ<br>പഠനത്തിന്റെ അവസ്ഥ<br>അതത് സമയങ്ങളിൽ<br>ബോധ്യപ്പെടുത്തുക.<br>പരിഹാരബോധനം<br>ചിട്ടപ്പെടുത്തുക.<br>16.വീടുകളിലെ പഠനാന്ത<br>രീക്ഷം മെച്ചപ്പെടുത്താൻ<br>ഉള്ളപദ്ധതികൾ | അധിഷ്ഠിതമായ<br>പരിശീലനം നടത്തുക.<br>9. എല്ലാക്ലാസ് മുറി<br>കളും ഹൈടെക്<br>ആക്കുക<br>10.സമയബന്ധിത<br>മായി ക്ലാസ് വിളിച്ച്<br>ചേർത്ത് കുട്ടിക<br>ളുടെ പഠനനേട്ടം,<br>പഠനനില എന്നിവ<br>രക്ഷിതാക്കളുമായി<br>പങ്കുവെക്കുക. |

| | | |
|---|---|---|
| ഇല്ലാതെ ക്ലാസുകളിൽ<br>പ്രവർത്തനങ്ങൾചെയ്യുന്നു.<br>6..പഠനോപകരണങ്ങൾ<br>സ്വയം നിർമ്മിക്കാനുള്ള<br>ധാരണക്കുറവ്,<br>സമയക്കുറവ്<br>7. ICT സാദ്ധ്യത<br>ഉപയോഗിച്ച്<br>ആശയവിനിമയം<br>നടത്താൻ കഴിയുന്നില്ല<br>പരിശീലനം കിട്ടുന്നില്ല.<br>8. പരീക്ഷാധിഷ്ഠിതമായി<br>പാഠപുസ്തകങ്ങളിലെ ആശ<br>യങ്ങളെ സമീപിക്കുമ്പോൾ<br>ആശയങ്ങൾ ഉറപ്പിക്കാതെ<br>അടുത്തതിലേക്ക്<br>പോകേണ്ടിവരുന്ന<br>അവസ്ഥ. സ്വതന്ത്ര്യ<br>ക്കുറവ്.<br>9. അധ്യാപകർക്ക് മറ്റു<br>പലപ്രവർത്തനങ്ങളും<br>(വിവിധ മേളകളുടെ | ആവിഷ്കരിക്കുക. | |

| | | |
|---|---|---|
| ഉത്തരവാദിത്തങ്ങൾ,<br>പരിശീലനങ്ങളുടെ<br>ഉത്തരവാദിത്തങ്ങൾ)<br>ചെയ്യേണ്ടിവരു<br>ന്നത് അധ്യായനത്തെ<br>ബാധിക്കുന്നു.<br><br><u>സംവിധാനം</u><br><br>1. ആശയങ്ങൾ കൃത്യമായി<br>വിനമയം ചെയ്യാനുള്ള<br>സമയക്കുറവ്<br>2. പ്രാദേശിക<br>ആവശ്യങ്ങൾ<br>പരിഗണിച്ച് അദ്ധ്യാപക<br>പരിശീലനം ഇല്ല.<br>3. പ്രവർത്തനങ്ങളുടെ<br>ബാഹുല്യം അധ്യയന സമ<br>യത്തെ ബാധിക്കുന്നു<br>4. ക്ലാസ് മുറികൾ ICT<br>സാങ്കേതിക<br>വിദ്യകൾപയോഗിക്കാൻ<br>കഴിയുന്നതരത്തിലുള്ളതല്ല. | | |

| | | |
|---|---|---|
| 4. പരിശീലനങ്ങൾ ഗുണ മേൻമയുള്ളതാവുന്നില്ല.<br>**രക്ഷിതാക്കൾ**<br>1. എല്ലാവീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല<br>2. രക്ഷാകർത്താക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല<br>3. instrument box തുടങ്ങിയ പഠനോപകരണങ്ങൾ ആവശ്യമാണെന്ന ധാരണക്കുറവ്<br>4. രാവിലെ നേരത്തെ വീട്ടിൽനിന്ന് ഇറങ്ങുന്ന കുട്ടികൾക്ക് ഭക്ഷണം വേണ്ടരീതിയിൽ കൊടുക്കാൻ സാധിക്കുന്നില്ല | | |

**പരിഹാര പ്രവർത്തനം വിശദാംശങ്ങൾ**

ഗണിതപഠനം ആസ്വാദ്യവും ശാസ്ത്രീയവുമാക്കുന്നതിലൂടെ എല്ലാ കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തവും പഠനനേട്ടവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ

എല്ലാ കുട്ടികൾക്കും നേടാൻ കഴിയണം. ഈ കാര്യത്തിൽനില നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് രൂപകൽപന ചെയ്തിട്ടുള്ളത്.

1. പ്രീ-ടെസ്റ്റ്

8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികളുടെ പഠനനില തിരിച്ചറിയുന്നതിന് ജൂൺ മാസത്തിൽതന്നെ ചില പഠന പ്രവർത്തനങ്ങൾനൽകി ക്ലാസ് തലത്തിലാണ് പ്രീ-ടെസ്റ്റ് നടത്തുന്നത്. വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി കുട്ടികളുടെ യഥാർത്ഥ പഠന പ്രശ്നങ്ങൾ കണ്ടെത്തുകയും അവയെ അപഗ്രഥിച്ച് കാരണങ്ങൾ നിർണ്ണയിക്കുകയും വേണം. തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി എസ്.ആർ.ജി., ക്ലാസ് പി.ടി.എ. എന്നിവിടങ്ങളിൽ അവതരി പിച്ച് ബോധ്യപ്പെടുത്തണം. കുട്ടികളുടെ ഉത്തരക്കടലാസ് അടിസ്ഥാന രേഖയായി സൂക്ഷിക്കുകയും പിന്നീട് കുട്ടിയിലുണ്ടായ മാറ്റം വിലയിരുത്തുന്നതിനായി ഉപയോഗിക്കുകയുമാവാം. പ്രീ-ടെസ്റ്റിന്റെ ഫലം വിശകലനം ചെയ്ത് കുട്ടികളുടെ പ്രശ്നങ്ങൾ സൂക്ഷ്മമായി കണ്ടെത്തുകയും അതിനുളഅള കാരണങ്ങൾ കണ്ടെത്തി പരിഹരിടച്ചി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും വേണം.

2. ഒപ്പത്തിനൊപ്പം

പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവ-ശ്യമായ പരിഹാരബോധന പരിപാടിയാണ് ഒപ്പത്തിനൊപ്പം ഓരോ യൂണിറ്റും ആരംഭിക്കുന്നതിനുമുമ്പ് നിശ്ചിത യൂണിറ്റിലെ ആശയങ്ങൾ എല്ലാ കുട്ടികൾക്കും ആർജ്ജിക്കുന്നതിനുളഅള അടിസ്ഥാന ധാരണ ഉറപ്പിക്കേണ്ടതുണ്ട്. ഇതിനായി

പരിഹാരബോധന പ്രവർത്തനങ്ങൾ വർക്ക് ഷീറ്റുകൾ എന്നിവ ഉറപ്പാക്കും. ഗണിതം ആസ്വാദ്യകരമാക്കാനുള്ള അവസരവും ഈ പരിപാടിയുടെ ഭാഗമായി ഗണിത വിഷയ സമിതി നടപ്പാക്കും.

3.പാഠാസൂത്രണം

എല്ലാ കുട്ടികളുടേയും പഠന പങ്കാളിത്തവും എല്ലാവർക്കും പഠനനേട്ടവും ഉറപ്പാക്കുന്നതിനായി പ്രകിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠാ സൂത്രണം തയ്യാറാക്കേണ്ടതുണ്ട്. ഇതോടൊപ്പം ആവശ്യമായ പഠനോപകരണ ങ്ങളും തയ്യാറാക്കണം. ഐ.സി.ടി. അധിഷ്ഠിതമായി പഠനം നടത്തുന്നതിനുള്ള അവസരവും ഒരുക്കേണ്ടതുണ്ട്. ഇത് വ്യക്തിഗതമായി ആദ്യഘട്ടങ്ങളിൽ സാധിക്കുകയില്ല. അതിനാൽ ഗണിത വിഷയ സമിതിയും മറ്റു സമീപ സ്കൂളുകളിലെ താൽപര്യമുള്ള ഗണിതാധ്യാപകരും പങ്കെടുക്കുന്ന ഗണിത ശില്പശാല സംഘടി പ്പിക്കേണ്ടതാണ്. ഇതിന് നേതൃത്വം നൽകാൻ ഡയറ്റ്, എസ്. ആർ. ജി, അംഗങ്ങൾ എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന പാഠാസൂത്രണ പഠന സാമഗ്രികളുടെ ഡി.റ്റി.പി.ചെയ്ത് സൂക്ഷിക്കേണ്ടതും ഒടുവിൽ ഇത് പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇതിന്റെ ചുമതല ഗണിത വിഷയ സമിതിയ്ക്കാണ്.

4, ഗണിത ക്ലബ്ബ്

കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുന്നതിനും ഗണിതം നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നതിനും എല്ലാ കുട്ടികൾക്കും അവസരമുണ്ടാക്കാനുള്ള സംവിധാനമാണ് ഗണിതക്ലബ്ബ്. ഗണിത പ്രോജക്ടുകൾ, ദിനാചരണങ്ങൾ, സെമിനാറുകൾ,

ഗ്രശ്നോത്തിരികൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. പഞ്ചായത്തിലെ ഗണിതാധ്യാപനത്തിനും ഗണത ക്ലബ്ബ് പ്രവർത്തനങ്ങൾക്കും നേതൃത്വപരമായ പങ്കു വഹിക്കാൻ ഹൈസ്ക്കൂളിലെ ഗണിത ക്ലബ്ബിനു കഴിയണം. ഗണിതത്തിൽ മികച്ചു നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരമൊരുക്കാനും ഗണിതശാസ്ത്രമേള, രാമാനുജൻ പ്രബന്ധ മത്സരം എന്നിവയിലേക്ക് കുട്ടികളെ കണ്ടെത്താനും ഗണിത ക്ലബ്ബുകളിലൂടെ കഴിയണം. ഇതിനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഗണിത ക്ലബ്ബ് ആസൂത്രണം ചെയ്തിട്ടുള്ളത്.

5. പഠനോപകരണ ശില്പശാല

കുട്ടികൾ പഠിക്കുന്നത് വൈവിധ്യമാർന്ന രീതിയിലൂടെയാണ്. എല്ലാ കുട്ടികളേയും പരിഗണിക്കുന്ന പഠനരീതിയിൽ പഠനോപകരണങ്ങളുടെ പ്രാധാന്യം വളരെ ഏറെയാണ്. ഓരോ യൂണിറ്റിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുകയാണ് ഗണിത വിഷയ സമിതിയുടെ ആദ്യ ചുമതല. വിവിധ തലത്തിലുള്ള കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്ന വൈവിധ്യമാർന്ന പഠനോപകരണങ്ങൾ കണ്ടെത്തണം. തുടർന്ന് അവ നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾ പട്ടികപ്പെടുത്തുക. വിദഗ്ധരുടേയും അധ്യാപകരുടേയും പങ്കാളിത്തം ഉറപ്പാക്കുക. കുട്ടികളുടേയും രക്ഷിതാക്കളുടേയും പൂർവ്വ അധ്യാപകരുടേയും സഹായം ഇതിനായി ഉറപ്പാക്കണം. തയ്യാറാക്കുന്ന പഠനോപകരണങ്ങൾ ഫലപ്രദമായി ക്ലാസ് മുറിയിൽ വിനിമയം ചെയ്യാനുള്ള ആസൂത്രണം വിഷയ സമിതി നിർവ്വഹിക്കണം. ഗണിതത്തിൽ പ്രഗത്ഭരായ ഒരു തലമുറയെ ചേർത്തലയ്ക്ക് സമ്മാനി

ക്കാൻ ഈ പദ്ധതിക്കു കഴിയണം.

6. ക്ലാസ് ലൈബ്രറി-ഗണിത പുസ്തകവായന

എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറികൾ അനിവാര്യമാണ്. അതിൽ ഗണിത പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുകയാണ് ഗണിത വിഷയ സമിതിയുടെ ദൌത്യം. ഈ പുസ്തകങ്ങൾ റഫർ ചെയ്തും വായിച്ചും ഗണിതത്തിന്റെ വിശാല ലോക ത്തെക്കുറിച്ച് കുട്ടികൾക്ക് ധാരണ രൂപപ്പെടണം. ഇതിനുള്ള ഭൗതിക സൌകര്യവും സ്കൂൾ തലത്തിൽ ഒരുക്കണം പുസ്തക ശേഖരണം, വിതരണം, വായന ചർച്ചകൾ എന്നിവ കുട്ടികളുടെ കൂടെ പങ്കാളിത്തത്തോടെ നടക്കണം.

7. ഐ.സി.ടി. പരിശീലനം

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും ഹൈടെക് ആവുകയാണ്. നമ്മുടെ വിദ്യാലയത്തിൽ ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കണമെങ്കിൽ എല്ലാ അധ്യാ പകർക്കും ആത്മവിശ്വാസത്തോടെ ഐ.സി.ടി. ക്ലാസ്സുകൾ വിനിമയം ചെയ്യാൻ കഴിയണം. ഇതിന് സഹായമാംവിധം രണ്ടു ഘട്ടങ്ങളിലായി നാലു ദിവസത്തെ ഐ.സി.ടി. പരിശീലനം ഐ.ടി.ൽ സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വ ത്തിൽ നടക്കണം. ജിയോജിബ്രയെ അടിസ്ഥാനമാക്കിയുള്ള നിശ്ചിത പരിശീലന ങ്ങളിൽ മുഴുവൻ ഗണിതാധ്യാപകർക്കും പങ്കെടുക്കുവാനും ഓരോ യൂണിറ്റിലും ഉള്ള ഐ.സി.ടി. സാധ്യതകൾ കണ്ടെത്താനും അവയുടെ ഉപയോഗവും പരിശീ ലനത്തിന്റെ ഉള്ളടക്കവുമായിരിക്കും ഇ-ടീച്ചിംഗ് മാന്വൽ പോലുള്ള സങ്കേതങ്ങളും

പരിശീലനത്തിൽ ഉൾപ്പെടണം. അതോടെ പഠനോല്പന്നങ്ങളും പഠന സാമഗ്രി കളും പുനരുപയോഗിക്കാനും മറ്റുള്ളവർക്ക് നൽകാനും ഏറെ സഹായകമാവും. തയ്യാറാക്കുന്ന സാമ്രഗികളുടേയും പുനരുപയോഗിക്കാനും മറ്റുള്ളവർക്ക് നൽകാനും ഏറെ സഹായകമാവും. തയ്യാറാക്കുന്ന സാമഗ്രഹികളുടേയും പ്രവർത്ത നങ്ങളുടേയും ഡോക്യുമെന്ഡറേഷൻ കൃത്യമായി നിർവ്വഹിക്കണം.

8. സി.പി.ടി.എ.

എല്ലാ മാസവും കൃത്യമായി സി.പി.ടി.എ. വിളിച്ചു ചേർക്കണം. കുട്ടിയുടെ പരതിമാസ പുരോഗതി രക്ഷിതാക്കളുമായി പങ്കുവെക്കണം. അടുത്ത മാസത്തെ പഠനനേട്ടങ്ങൾ അവരെ പരിചയപ്പെടുത്തുകയും കുട്ടിയുടെ പഠനനിലയിൽ വന്ന മാറ്റങ്ങൾ രക്ഷിതാക്കളെ അറിയിക്കുകയും വേണം. നിരന്തര വിലയിരുത്തൽ ഫല ങ്ങൾ പ്രതിമാസം പ്രസിദ്ധീകരിക്കാൻ കഴിയണം.

9. മെട്രിക് മേള

ഗണിതാശയങ്ങൾ, കുട്ടികളുടെ ഗണിത ഉല്പന്നങ്ങൾ, അധ്യാപകർ തയ്യാ റാക്കിയ പഠനോപകരണങ്ങൾ എന്നിവയുടെ പ്രദർശനവും ഗണിത കേളികൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളുടേയും ആഘോഷത്തിന്റെയും അവസരമാണി ത്. മെട്രിക അളവുകൾ, തൂക്കങ്ങൾ, ദൂരം എന്നിവ സംബന്ധിച്ച ധാരണ ലഭിക്കാൻ മെട്രിക് മേള സഹായിക്കും. അതോടൊപ്പം ഗണിത ശില്പശാലകൾ, സെമിനാറുകൾ,

വിദഗ്ധരുടെ ക്ലാസ്സുകൾ എന്നിവ ഉണ്ടാകും. വർഷാവസാനത്തിൽ ഒരുജനകീയ പരിപാടിയായാണ് ഇത് നടത്തേണ്ടത്.

4. പ്രവർത്തന പദ്ധതി വിശകലനം

മേഖല : അക്കാദമികം

പ്രശ്നം : 8,9,10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1.1 പ്രീ ടെസ്റ്റ്

ലക്ഷ്യം : 8,9,10 ക്ലാസിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ കുട്ടികൾ നേടേണ്ടുന്ന അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക. | വിഷയസമിതി | ജൂൺ-1 | | |
| 2.ചോദ്യാവലി ഉണ്ടാക്കുക | വിഷയസമിതി | ജൂൺ-6 | | |
| 3. ചോദ്യാവലി പരിശോധിച്ച് ഉറപ്പിച്ചതിനു ശേഷം ആവശ്യമുള്ള എണ്ണം അടിക്കുക | വിഷയസമിതി | ജൂൺ-7 | 2000 | പി.ടി.എ |
| 4. പ്രീടെസ്റ്റ് നടത്തുക | വിഷയസമിതി | ജൂൺ-8 | | |
| 5. മൂല്യനിർണ്ണയം നടത്തുക | വിഷയസമിതി | ജൂൺ-9 | | |
| 6. ഫലം ക്രോഡീകരിക്കുക റിപ്പോർട്ട് തയ്യാറാക്കുക | വിഷയസമിതി | ജൂൺ-13 | | |
| 7. ഫലം അവലോകനം ചെയ്യുക | വിഷയസമിതി | ജൂൺ-14 | | |
| 8. ഫലം പ്രസിദ്ധപ്പെടുത്തുക | വിഷയസമിതി | ജൂൺ-16 | 3000 | പി.ടി.എ |
| 9. എസ്.ആർ.ജി. ക്ലാസ് പി.ടി.എ. എന്നീ വേദികളിൽ അവതരിപ്പിക്കുക | വിഷയസമിതി | ജൂൺ-17 | | |

പ്രശനം : 1-10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1.3 : പാഠാസൂത്രണം

ലക്ഷ്യം : വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിയുള്ള ആശയവിനിമയം

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| ഓരോ പാഠഭാഗത്തിലേയും ആശയങ്ങൾ പട്ടികപ്പെടുത്തുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | | |
| ഐ.സി.ടി. സാധ്യതകൾ പട്ടി കപ്പെടുത്തുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | | |
| പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക. ഡിറ്റിപി ചെയ്ത് ആവശ്യമുള്ള എണ്ണം കോപ്പി എടുക്കുക പഠ നോപകരണങ്ങൾ ഉണ്ടാക്കുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | 2000 | പി.ടി.എ |
| പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | | |

പ്രശ്നം : 1-10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1. 4: ഗണിതക്ലബ്

ലക്ഷ്യം : കുട്ടികൾക്ക് ഗണിതപഠനത്തിൽ താൽപര്യമുണ്ടാക്കുക. ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുണ്ടാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| 1. ക്ലബ്ബ് ഗ്രവർ ത്തിനായുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക | വിഷയസമിതി | മെയ് രണ്ടാം വാരം | 1000 | പി റ്റി എ |
| 2. ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക, പട്ടികപ്പെടുത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 3. ചെയ്യേണ്ട സമയം കണ്ടെത്തുക പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 4. വിദഗ്ധരെ കണ്ടെത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 5. ക്ലാസ്സുകൾ സംഘടിപ്പിക്കുക | വിഷയസമിതി | ഓരോ മാസവും വാർഷിക കലണ്ടർ അനുസരിച്ച് പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യുക. | 2500 | പി റ്റി എ |

ഗണിതം

| മാസം/തീയതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ മാസം | ഗണിതത്തിൽ പിന്നോക്കം ഉള്ള കുട്ടി കളെ കണ്ടെത്തൽ 1-100 വരെ അക്കങ്ങളിലും അക്ഷരങ്ങളിലും എഴുതുവാൻ കഴിയുന്നു.സംഖ്യകളെ എണ്ണി തിട്ടപ്പെടുത്തൽ 100 മുതൽ 1000 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു. ഒരക്കത്തെ ഒരക്കം കൊണ്ട് സങ്കലനം, | പ്രീ-ടെസ്റ്റ്<br><br>സാഖ്യാ ചാർട്ട്, സംഖ്യാറിബൺ, മുത്ത്, ഈർ ക്കിലി കമ്പ് കെട്ടുകൾ, ഗണിതകേളികൾ ഗണിതമൂല അബാക്കസ് നിർമ്മാണം<br><br>ശ്രുമമായി എഴുതുന്നു, സംഖ്യാ ബോധം മനസ്സിലാക്കുക ഗണിതകിറ്റ് ഒരുക്കൽ |
| ജൂലൈ മാസം | വ്യവകലനം എന്നിവയിൽ പ്രവീണ്യം നേടുന്നു സംഖ്യകളെ സ്ഥാനവിലയനുസരിച്ച് വേർതിരിച്ച് എഴുതുവാനും പറയു വാനും കഴിയുന്നു. | കച്ചവടകളി, ചതുഷ്ക്രിയകൾ ഫീൽഡ് വിസിറ്റ് (ബാങ്ക്, പോസ്റ്റ്ഓഫീസ്) നോട്ട് നിർ മ്മാണം<br>ക്രിയകൾ സംഖ്യാപോക്കറ്റ്, വിവിധതരം കളികൾ |
| ഓഗസ്റ്റ് മാസം | നിശ്ചിത കൂട്ടങ്ങളാക്കുന്നു. അക്കങ്ങളെ വ്യാഖ്യാനിക്കുന്നു. വലുത്,ചെറുത് കണ്ടെത്താൻ കഴിയുന്നു.<br><br>ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയംനിശ്ചയിക്കാനുള്ള കഴിവ് ആർജിക്കുന്നു. | ഗണിതകളികളും സാഖ്യാപാട്ട്, പാറ്റേൺ നിർമ്മാണം. സംഖ്യാപടികൾ നിർമ്മിക്കുന്നു. ക്ലോക്ക് നിർമ്മാണം, വർ ഗ്ഗീകരിക്കൽ നിർമ്മാണക്രിയ (ഓല) |
| സെപ്റ്റംബർ മാസം | ഗണിതോത്സവം (ഹൈസ്കൂൾ തലം)<br>SRG മീറ്റിംഗ്<br>ഒന്നാം പാദവാർഷികപരീക്ഷ<br><br>സ്കൂൾതല ഗണിത ശാസ്ത്രമേള നട പ്പാക്കൽ<br><br>പ്രായോഗിക പ്രശ്നങ്ങൾ | പതിപ്പ്, നിർമ്മാണം, ചാർട്ട് നിർമ്മാണം, ചുവർപ്രതിക<br><br>മൂല്യനിർണ്ണയ രേഖതയ്യാറാക്കൽ ചാർട്ട് അബാക്കസ് നിർമ്മാണം, ക്ലോക്ക് നിർ മ്മാണ ഗണിതകേളികൾ<br>ഗ്രഹസന്ദർശനം, അധ്യാപിക കുട്ടികളുമായി |

| | | |
|---|---|---|
| ഒക്ടോബർ<br>മാസം | പരിഹരിക്കുന്നതിന് കഴിവ്<br>ആർജിക്കുന്നു.<br><br>SRG മീറ്റിംഗ്<br><br>ക്ലാസ് പി.ടി.എ. യോഗം<br>വിളിക്കൽ<br>ഗുണനം, ഹരണം എന്നീ<br>പ്രായോഗിക<br>പ്രശ്നങ്ങൾ പങ്കുവെയ്ക്കൽ<br><br>ഉപജില്ല ഗണിതശാസ്ത്രമേള<br>സംഘടിപ്പിക്കൽ | അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.<br>ക്രിയകൾ,പ്രശ്നപരിഹാര മാർ<br>ഗ്ഗങ്ങൾ, നിർദ്ദേശിക്കൽ<br>കണ്ടെത്തൽ തീരുമാനമെടുക്കൽ<br>(തെരഞ്ഞെടുപ്പ്)<br>ഗണിതോപ്പന്നങ്ങൾ പ്രദർ<br>ശിപ്പിക്കൽ ക്രിയകൾ<br>വ്യക്തതയോടും കൃത്യ<br>മായും രേഖപ്പെടുത്തുന്നു.<br><br>ചാർട്ട് പ്രദർശനം-നിർമ്മാണം<br>സംഖ്യാശ്രേണി നിർമ്മാണം<br>അളവു പാത്രങ്ങളുടെ പ്രദർശനം |

| മാസം/തീയതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| നവംബർ മാസം<br><br>ഡിസംബർ മാസം | പാറ്റേൺ രൂപീകരണം<br><br>SRG മീറ്റിംഗ്<br><br>രൂപങ്ങളെപ്പറ്റിയുള്ള അറിവ്<br>ആർജി<br>ക്കുക<br><br>രണ്ടക്കത്തെ ഒരക്കം<br>കൊണ്ടും, രണ്ടക്കത്തെ<br>രണ്ടക്കം കൊണ്ടുള്ള<br>സങ്കലനം,വ്യവകലനം<br>എന്നിവയിൽ കുട്ടികളിലെ<br>കഴിവ് മനസ്സിലാക്കുന്നു.<br><br>**തനത് പ്രവർത്തനം**<br>ഒറിഗാമി പ്രവർത്തനം<br>നടപ്പാക്കൽ | രൂപങ്ങൾ നിർമ്മാണം<br><br>ചാർട്ട് നിർമ്മാണം, പാവ<br>നിർമ്മാണം ക്രിയകൾ<br>ചെയ്യുന്നു<br><br>പ്രായോഗിക പ്രശ്നങ്ങൾ<br>പരിഹരിക്കുന്നു<br><br>**ഗണിതപതിപ്പ് നിർമ്മാണം**<br>മൂല്യനിർണയം<br>രേഖപ്പെടുത്തൽ<br>സ്കെയിൽ നിർമ്മാണം<br>അളക്കൽ |

| | | |
|---|---|---|
| ജനുവരി മാസം<br><br>ഫെബ്രുവരി മാസം<br><br>മാർച്ച് മാസം | Mid Term പരീക്ഷ<br><br>നീളത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ളപരസ്പര ബന്ധം വിശദീകരിക്കാൻ കഴിയുന്നു.<br><br>രണ്ടാം പാദവാർഷിക പരീക്ഷ<br><br>SRG മീറ്റിംഗ്<br><br>ക്ലാസ് പി.ടി.എ. യോഗം<br>ഉള്ളളവിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കുന്നു.<br>വിവിധരൂപങ്ങളെ ഭാഗിച്ചതിൽ നിന്ന് 1/2,2/3 3/4 എന്നിവ കണ്ടെത്തു<br><br>SRG മീറ്റിംഗ്<br><br>പതിനായിരത്തെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിവ് നേടുന്നു.<br>ഹരണക്രിയയെ വ്യത്യസ്ത രീതികളിൽ വിശദീകരിക്കുന്നു.<br>ഭാരത്തിന്റെ യൂണിറ്റു കൾ തമ്മിലുള്ള പരസ്പരബന്ധം വിശ ദമാക്കുന്നു.<br><br>വാർഷിക മൂല്യനിർണയം | ക്രിയകൾ (ചതുഷ്ക്രിയ)<br>മൂല്യനിർണയം<br>രേഖപ്പെടുത്തൽ<br>മൂല്യനിർണയം<br>വിലയിരുത്തൽ<br>ഊഹിക്കൽ<br><br>ക്രിയകൾ ചെയ്യുന്നു<br>പ്രശ്നപരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നു<br><br>പ്രവർത്തനങ്ങളിൽ ഏർപ്പെടൽ റിബ്ബൺ കട്ടിംഗ്, നിറം നൽകൾ<br>ക്രിയകൾ ചെയ്യൽ<br><br>ക്രിയകൾ<br><br>ചതുഷ്ക്രിയകൾ തയ്യാറാക്കൽ<br>അളവുപാത്രത്തിന്റെ യൂണിറ്റ് തയ്യാറാക്കുന്നു<br><br>മൂല്യനിർണയം |